# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.എം.പി.എം.6/330/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.എം.പി.എം.6/330/2023 തീയ്യതി: 10/03/2023

# മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-08-2021 മുതൽ 05-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ദിനേശൻ. എം ഓഡിറ്റ് ഓഫീസർ

ശ്രീ,സന്തോഷ് പി ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുസ്സലാം.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി,സക്കീന കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. എ.പി ജമീല ടീച്ചർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ലളിത എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 08-07-2021 |
| ശ്രീ. സ്വപ്നേഷ് സി പി | സെക്രട്ടറി | 09-07-2021 | 01-01-2022 |
| ശ്രീമതി. ലളിത എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-01-2022 | 17-01-2022 |
| ശ്രീമതി. ജസ്സി വർഗ്ഗീസ് എം | സെക്രട്ടറി | 18-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സോണി എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സുലേഖ പി.ടി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. അബിനിത എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. നിമ രവീന്ദ്രനാഥ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സവിദ്യ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. അനിൽകുമാർ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ. ആനന്ദ് ആർ കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലളിത എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അക്കൗണ്ട് പരിശോധന - അപാകതകൾ | 1-11 |
| 12 | അനധികൃത നിർമ്മാണം നടത്തിയതും, നികുതി നിർണ്ണയത്തിലെ അപാകതയും | 1-12 |
| 13 | കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തുനികുതി ഈടാക്കിയില്ല. | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 15 | അനധികൃത നിർമ്മാണം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 16 | നിലം ഭൂമിയിൽ കെട്ടിടനിർമ്മാണ പെർമിറ്റ് - അപാകതകൾ | 1-16 |
| 17 | കെട്ടിടത്തിന്റെ തരവും വസ്തു നികുതിയും പരിശോധിക്കാതെ ആയുർവ്വേദ സുഖചികിത്സാ കേന്ദ്രത്തിന് ലൈസൻസ് അനുവദിച്ചു | 1-17 |
| 18 | വിവിധോദ്ദേശ കെട്ടിട നിർമ്മാണം- ആസൂത്രണ പിഴവും കാലതാമസവും | 1-18 |
| 19 | മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-19 |
| 20 | യുനാനി ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് കം അറ്റൻഡർക്കു വേതനം- തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 21 | വെറ്റിനറി സബ് സെന്ററിന് ലാപ് ടോപ് ലഭ്യമായില്ല. | 1-21 |
| 22 | സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-22 |
| 23 | മുട്ടക്കോഴി വിതരണം-സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല. | 1-23 |
| 24 | അഗതിരഹിത കേരളം-മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. | 1-24 |
| 25 | കക്കൂസ് നിർമ്മാണം- പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 1-25 |
| 26 | ലൈഫ് ഭൂരഹിതർക്ക് വാസഭൂമി വാങ്ങൽ - അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-26 |
| 27 | പത്ര പരസ്യ ചാർജ് - ഡിസ്കൗണ്ട് ലഭിച്ചില്ല | 1-27 |

| | | |
|---|---|---|
| 28 | അംഗൻവാടി പോഷകാഹാരം - പ്രൊജക്ട് അപാകതൾ | 1-28 |
| 29 | വൗച്ചർ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-29 |
| 30 | KSEB തുക നിക്ഷേപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-30 |
| 31 | ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക്ക് വീൽ ചെയർ - പ്രൊജക്ട് അപാകതൾ | 1-31 |
| 32 | മാലിന്യ സംസ്കരണം - വാഹന വാടക - അപാകതകൾ | 1-32 |
| 33 | ഫോം വർക്കിന് വകയിരുത്തിയ തുക കുറവ് വരുത്താത്തതിനാൽ അധികച്ചെലവുണ്ടായി. | 1-33 |
| 34 | ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമാക്കിയിട്ടില്ല - ഇ ടെണ്ടറിംഗിന് സ്വന്തമായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. | 1-34 |
| 35 | ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അപാകതകൾ പരിഹരിച്ചു. | 1-35 |
| 36 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല. | 1-36 |
| 37 | ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു | 1-37 |
| 38 | രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിലെ ന്യൂനതകൾ | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഫോം വർക്കിന് വകയിരുത്തിയ തുക കുറവ് വരുത്താത്തതിനാൽ അധികച്ചെലവുണ്ടായി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | (പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1(1), 19.02.2021 | 2(1), 17.03.2022 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 21.08.2022 | _ | _ |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32770677 |
| വരവ് | 92806489 |
| ആകെ | 125577166 |
| ചെലവ് | 92599843 |
| നീക്കിയിരിപ്പ് | 32977323 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15937608 | 15937608 | 15748865 | 188743 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6385851 | 6385851 | 5971000 | 414851 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8628000 | 8628000 | 7573907 | 1054093 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5884823 | 5884823 | 3196436 | 2688387 |
| വികസനഫണ്ട് (CFC Tied Grant) | 0 | 6530385 | 6530385 | 2262413 | 4267972 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC Untied Grant) (ACR പ്രകാരം) | 0 | 4192376 | 4192376 | 3929218 | 263158 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 100763584 | 177 | 71458401 | 0 | 37 | 82.71 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 186549 | 794608 | 981157 | 621912 | 359245 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31133188 | 31133188 | 31133188 | 0 |

കുറിപ്പ്:മേൽതുകകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.ആയത് ഖണ്ഡിക 1-11ക്രമ നം 16,17,18എന്നിവയിൽ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2040 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 6172000 | 3990 |
| വിധവാപെൻഷൻ | 20259000 | 12831 |
| വാർദ്ധക്യകാലപെൻഷൻ | 43389000 | 29761 |
| വികലാംഗപെൻഷൻ | 7999400 | 5064 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1615200 | 1033 |

കുറിപ്പ്:
വികലാംഗ പെൻഷൻ ഇനത്തിൽ അനുവദിച്ച തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.02.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 56596/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)). ആയത് പാലിച്ചിട്ടില്ല.

2. ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടില്ല.

3. തെരുവ് വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും പരിപാലനത്തിന് തുക ചെലവഴിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ അപൂർണ്ണമാണ്.

4. നികുതി കുടിശ്ശിക വരുത്തിയ നികുതി ദായകരിൽ നിന്ന് നികുതി ഈടാക്കുന്നതിന് നിയമപ്രകാരമുള്ള തുടർ

നടപടികൾ സ്വീകരിച്ചിട്ടില്ല.

5. വെറ്ററിനറി സർജൻ, വി.ഇ.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് (ടി.ആർ 7 എ) സൂക്ഷിച്ചിട്ടില്ല. വെറ്ററിനറി സർജൻ, വി.ഇ.ഒ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജകട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

6. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7/11/2022 മുതൽ 8-11-2022 | 4/2022 മുതൽ 10/2022 വരെ | 8-11-22 |
| എ.ജി ഓഡിറ്റ് | 24/01/2019 മുതൽ 05/02/2019 | 2013-14 മുതൽ 2017-18 | 01/03/2019 |

## 1-11 അക്കൗണ്ട് പരിശോധന - അപാകതകൾ

2021-22 സാമ്പത്തികവർഷത്തെ അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന ചെലവ് തുകകൾ വാർഷിക കണക്ക്, ACR എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് ഇനം | വാർഷിക കണക്ക് പ്രകാരം | ACR പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 15708545 | 15748865 | 40320 |
| ട്രഡീഷണൽ ഫംഗ്ഷൻ ഫണ്ട് | 19424388 | 15701722 | 3722666 |

2. വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം (വാർഷിക കണക്ക് പ്രകാരം) ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 (4) എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും, പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല.

4. പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 80

5. ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)

6. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ / അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ വാർഷിക കണക്കുമായി പരിശോധിക്കത്തക്ക വിധം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

7. പ്രതിമാസ റികൺസിലിയേഷൻ പത്രികകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 57.

8. പഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുള്ള തുകയിൽ സംശയാസ്പദമായവക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (എച്ച്)

9. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, മുൻ വർഷത്തെ താരതമ്യ തുകകൾ (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (ഇ), (എഫ്) , 62 (3) എന്നിവ വാർഷിക

കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. ലൈഫ് പദ്ധതിക്കായി KURDFC ൽ നിന്ന് ലോൺ എടുത്തിട്ടുണ്ടെങ്കിലും, ലോൺ രജിസ്റ്റർ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടില്ല.

11. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് നൽകിയ 281600/- രൂപ (ബാലൻസ് ഷീറ്റ് -) മുൻകൂർ ക്രമീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

12. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

13. ഗ്രാമ പഞ്ചായത്തിൽ ILGMS നടപ്പിലാക്കിയത് സാമ്പത്തിക വർഷത്തിന്റെ ഇടക്ക് 06.09.2021 ലാണ്. 05.09.2021 വരെയുള്ള സാംഖ്യയിൽ തയ്യാറാക്കിയ സാമ്പത്തിക ഇടപാടുകളുടെ ഡാറ്റാ PDE (Past Data Entry) പ്രക്രിയയിലൂടെ ILGMS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. PDE ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

14. Non Refundable Deposit കൾ നിയമപരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 33 (3)

15. വികലാംഗ പെൻഷൻ ഇനത്തിൽ അനുവദിച്ച തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

16.തൊഴിലുറപ്പ് പദ്ധതി ഭരണചെലവുകൾ എന്ന ഇനത്തിലെ ചെലവ് 621912/-രൂപയാണ്.ആയത് വാർഷിക ധനകാര്യപത്രികയുമായി (I&E) (31697949/-രൂപ)പൊരുത്തപ്പെടുന്നില്ല.

17.തൊഴിലുറപ്പ് പദ്ധതി ഉണഭോക്താകൾക്ക് നേരിട്ട് നൽകുന്ന തുക എന്ന ഇനത്തിലെ വരവ് 31133188/-രൂപയാണ്.ആയത് വാർഷിക ധനകാര്യപത്രികയുമായി(I&E)(31144098/-രൂപ)പൊരുത്തപ്പെടുന്നില്ല.

18.തൊഴിലുറപ്പ് പദ്ധതി ഉണഭോക്താകൾക്ക് നേരിട്ട് നൽകുന്ന തുക എന്ന ഇനത്തിലെ ചെലവ് 31133188/-രൂപയാണ്.ആയത് വാർഷിക ധനകാര്യപത്രികയിൽ(I&E) ഉൾപ്പെടുത്തിയില്ല.

## 1-12 അനധികൃത നിർമ്മാണം നടത്തിയതും, നികുതി നിർണ്ണയത്തിലെ അപാകതയും

2021-22 സാമ്പത്തിക വർഷത്തിൽ നമ്പർ അനുവദിച്ച/വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ശ്രീ ചോയിൻകുറുപ്പൻതൊടി മുഹമ്മദ് കുട്ടി എന്നവർ ചേലേമ്പ്ര വില്ലേജിൽ ബ്ലോക്ക് നം 1, റിസർവ്വേ നം 204/8(4.89ആർ),എന്ന സ്ഥലത്ത് നിർമ്മിച്ച താമസ വാണിജ്യ കെട്ടിടത്തിന് നമ്പർ നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം | അനുവദിച്ച കെട്ടിട നമ്പറുകൾ | കെട്ടിടത്തിന്റെ തരം | കെട്ടിട ഉടമ | ഭൂമിയുടെ തരം |
|---|---|---|---|---|
| A3-6754/17 | 17/210F മുതൽ M വരെ 6754/17 തീ 14-11-17 പെർമിറ്റ് | താമസ വാണിജ്യ കെട്ടിടം 202 ചമീ കെട്ടിട നമ്പർ അനുവദിച്ച തിയതി 16.08.2021 | ചോയിൻകുറുപ്പൻതൊടി മുഹമ്മദ് കുട്ടി | നിലം (നികുതി രസീത് ആധാരം എന്നിവ പ്രകാരം) തിരൂർ RDOയുടെ 31-3-2021 ലെ RDOTIR /430/2021-J1 നമ്പർ ഉത്തരവ് പ്രകാരമാണ് നിലം ഭൂമിയിൽ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചത്. |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഓവർസിയർ സ്ഥലപരിശോധന നടത്തുകയും അംഗീകരിച്ച കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് 6.74 ചമീ ചട്ടം പാലിക്കാതെ അധിക നിർമ്മാണം നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ അനധികൃത നിർമ്മാണത്തിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

2)കെട്ടിടത്തിന്റെ അപേക്ഷയോടൊപ്പം ഉടമസ്ഥൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ 8 മീറ്റർ വീതിയുള്ള റോഡ് ആയിട്ടാണ് കാണിച്ചിരിക്കുന്നത്.എന്നാൽ സഞ്ചയയിൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന് രേഖപ്പെടുത്തി 20% വർദ്ധനവ് കൂടാതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. (2011 ലെ കേരളാ പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലുള്ളതോ ആയ വഴി സൗകര്യത്തിന് അടിസ്ഥാന വസ്തുനികുതിയുടെ കൂടെ 20% വർദ്ധനവ് കൂടി ഉൾപ്പെടുത്തേണ്ടതാണ്) മേൽ അപാകതകൾക്ക്

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/13-2-2023) മറുപടി ലഭ്യമായിട്ടില്ല.അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തുനികുതി ഈടാക്കിയില്ല.

2011 ലെ കേരളാ പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 3( 4 ) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെയോ ഒരാളുടെ തന്നെയോ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ ആ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തേയും വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് എന്നും കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോടു കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ഈ നിബന്ധന പാലിക്കാതെ ശ്രീമതി ഷഹാന പി,ഷഫാഹ്,സെയ്ദ്പൂഴിത്തറ വീട് എന്നിവരുടെ ഉടമസ്ഥതയിൽ 2/163/1-7സർവ്വെ നമ്പറിലുള്ള സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഗ്രൌണ്ട് ഫ്ലോറിലെ പാർക്കിംഗ് ഒഴികെയുള്ള ലിഫ്റ്റ് റൂം, കക്കൂസ്, സ്റ്റെയർ ഏരിയ ,സ്റ്റെയർറൂം ( ടെറസിൽ) എന്നിവയുടെ തറ വിസ്തീർണ്ണംകണക്കാക്കാതെയാണ് കെട്ടിടത്തിന് നികുതി ചുമത്തിയിട്ടുള്ളത്.

കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം<br>(കംപ്ലീഷൻ പ്ലാൻ പ്രകാരം) | 1788.64ച മീറ്റർ<br>(850.59പാർക്കിംഗ് ) |
| വസ്തുനികുതി കണക്കാക്കേണ്ട വിസ്തീർണ്ണം | 938.05 |
| പെർമിറ്റ് നമ്പർ | A3-BA(18960)/1-1-2019 |
| വസ്തു നികുതി കണക്കാക്കിയ വിസ്തീർണ്ണം | 888.93ച മീറ്റർ |
| അനുവദിച്ച കെട്ടിട നമ്പർ | 4/494 A,B |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(19/13-2-23) മറുപടി ലഭ്യമാക്കിയിട്ടില്ല.വസ്തു നികുതി കണക്കാക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ കെട്ടിടത്തിന്റെ എല്ലാ ഭാഗത്തിനും നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും തെറ്റായ നികുതി നിർണ്ണയംമൂലം നാളിതുവരെ പഞ്ചായത്തിന് നഷ്ടം വന്ന തുക കണക്കാക്കി ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും,സംരഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ ,അപേക്ഷ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നമ്പർ | സമർപ്പിക്കപ്പെട്ട അപേക്ഷയിലെ ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|
| 1 | GOODYEAR INDIA LTD | 2 | 4 | 1,2 |
| 2 | അക്വാ ഹെൽത്തി | 13 | 4 | 1,2 |
| 3 | MONTEES FOOD PRODUCT | 19 | 4 | 1,2 |
| 4 | MAK METALS&POWDER COATING INDUSTRIES | 20 | 4 | 1,2 |
| 5 | K.R TASTE INDIA | 31 | 4 | 1,2 |
| 6 | മഹൽ സ്റ്റോൺ | 80 | 4 | 1,2 |
| 7 | അരുണ കെയ്ൻ ഇന്റസ്ട്രീസ്,കാക്കഞ്ചേരി | 81 | 5 | 1,2 |

| | | | | |
|---|---|---|---|---|
| 8 | കെ ടി എം ട്രേഡേഴ്സ്,കാക്കഞ്ചേരി | 92 | 5 | 1,2 |
| 9 | ശ്രീധരൺ ലോജിസ്റ്റിക്സ് | 95 | 13 | 1,2 |
| 10 | ഫാബ് ടെക് കിച്ചൺ | 135 | 5 | 1,2 |
| 11 | Rhenus Contract Logistics India | 151 | 13 | 1,2 |
| 12 | എൻ സി ഓട്ടോടെക് | 157 | 4 | 1,2 |
| 13 | വിജയ് & ഓജസ്സി ന്യൂട്രിമിക്സ് | 167 | 10 | 1,2 |
| 14 | Varghese Bros And Company | 234 | 15 | 1,2 |
| 15 | ദേവകി അമ്മ മെമ്മോറിയൽ കോളേജ് കാന്റീൻ | 190 | 6 | 1,2 |
| 16 | ഒമേഗ ഏജൻസീസ് | 215 | 8 | 1,2 |
| 17 | Yoosha Ergonomics | 220 | 5 | 1,2 |
| 18 | Retiner Enterprises | 242 | 5 | 1,2 |
| 19 | എ വൺ മിൽക്ക് പ്രോഡക്റ്റ് | 252 | 10 | 1,2 |
| 20 | Intellect Steel Company | 253 | 5 | 1,2 |
| 21 | Mariox Auto | 261 | 5 | 1,2 |
| 22 | Kains Ventures Pvt Ltd | 309 | 10 | 1,2 |
| 23 | കുഞ്ഞമ്മ ഫുഡ്സ് &ക്രീം | 310 | 16 | 1,2 |
| 24 | Kenton Boots&uppers | 311 | 10 | 1,2 |
| 25 | Whirl Pool Of India Ltd | 319 | 8 | 1,2 |
| 26 | Smart Line Express Logistics | 324 | 5 | 1,2 |
| 27 | Busy Bees Logistics Solution Pvt Ltd | 326 | 7 | 1,2 |
| 28 | സ്റ്റീൽ ടെക് കോർട്ട് Solution Pvt Ltd | 331 | 5 | 1,2 |
| 29 | ലക്കി പോളിവിനൈൽ | 332 | 9 | 1,2 |
| 30 | ഓട്ടോസ്പോട്ട് ഇടിമുഴിക്കൽ | 341 | 5 | 1,2 |
| 31 | ഹൈവ എന്റർപ്രൈസസ് | 347 | 9 | 1,2 |
| 32 | ക്ലിയർപെറ്റ് ഇന്റസ്ട്രീസ് | 353 | 4 | 1,2 |
| 33 | സുൽഫി ഫൂട്ട് വെയർ പ്രോഡക്റ്റ് | 371 | 4 | 1,2 |
| 34 | Delhivery Ltd Kakkancheri | 373 | 20 | 1,2 |
| 35 | Brilliant Foods Pvt Ltd | 376 | 8 | 1,2 |
| 36 | D Tile ,Olipramkadav Road | 378 | 6 | 1,2 |
| 37 | Floor Tiles ,Kakkancheri | 379 | 5 | 1,2 |

മേൽ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. [ഓഡിറ്റ് എൻക്വയറി നമ്പർ 25/14.02.2023]കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ നമ്പർ അനുവദിച്ച/വസ്തു നികുതി നിർണ്ണയിച്ച വിവിധ കെട്ടിടങ്ങളുടെ നമ്പറിംഗ്/വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ മാനേജർ,സെൻട്രൽ വെയർ ഹൌസ് ,കാക്കഞ്ചേരി.എന്നവരുടെ ഉടമസ്ഥതയിലുള്ള ചേലേമ്പ്ര വില്ലേജിലെ റീസർവ്വെ നമ്പർ BL-2/220/1 ഭൂമിയിൽ 28.5810 ആർ ഭൂമിയിൽ ഗോഡൌൺ കെട്ടിടങ്ങൾ നിർമ്മിച്ചതിന് 3035.58 ച മീ ,2587.5ച മീ ,169.16ച മീ വിസ്തീർണ്ണമുള്ള

കെട്ടിടങ്ങൾക്ക് യഥാക്രമം 9/78B,9/78C,9/78 എന്നീ നമ്പറുകൾ അനുവദിച്ചിട്ടുണ്ട്.
നമ്പറിനുള്ള അപേക്ഷയുടെ കൂടെയുള്ള പൂർത്തീകരണ പ്ലാനിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം പഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രേഖകൾ പ്രകാരമുള്ള വിസ്തീർണ്ണത്തിൽ നിന്നും വ്യത്യാസപ്പെട്ട് കാണുന്നു.പഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിടയുടമയുടെ പേരും വിലാസവും. | പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരം. | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം. |
|---|---|---|
| മാനേജർ,സെൻട്രൽ വെയർ ഹൌസ് ,കാക്കഞ്ചേരി | Existing Ware House 1-3035.58m$^2$<br>Completed Ware House 2-3035.58m$^2$<br>Completed Ware House 3-2587.50 M2<br>Existing Office Building-169.16ച മീ<br>Existing Security Building-12.18ച മീ<br>Existing Toilet-19.86ച മീ<br>Existing Office Addition-50.21ച മീ<br>Existing Labour Rest Room -18ച മീ<br>ആകെ-8928.07ച മീ | 9/78-169.16<br>9/78A-2071(EXISTING)<br>9/78B-3035.58<br>9/78C-2587.5<br>.<br>ആകെ-7863.24 |

അപാകതകൾക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (24/14-2-23)മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ അനധികൃത നിർമ്മാണത്തിനെതിരെ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 നിലം ഭൂമിയിൽ കെട്ടിടനിർമ്മാണ പെർമിറ്റ് - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ പെർമ്മിറ്റ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ചട്ടം 27A(6) പ്രകാരമുള്ള ഇളവ് അനുവദിനീയമല്ലാത്ത ഭൂമിയിൽ കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം/പെർമിറ്റ് /കെട്ടിട ഉടമ | ഭൂമിയുടെ വിവരങ്ങൾ |
|---|---|---|
| 1 | ഫയൽ നം-A2-BA (53244)/22<br>പെർമിറ്റ്നം-A2-BA 53244/2022/29-1-22<br>ഹരിദാസ്<br>താമസം | വില്ലേജ്-ചേലേമ്പ്ര<br>ബ്ലോക്ക് നം- 2<br>റിസർവ്വേ നം -27-10-2<br>വിസ്തൃതി-2.29ആർ |

| | | |
|---|---|---|
| | 74.12ച മീ | തരം -നിലം<br>പ്രസ്തുത ഭൂമി ഡാറ്റാബാങ്കിൽ ക്രമ നം 122 പ്രകാരം 17.66ആർ ഭൂമിയും നെൽ വയലാണ്. |
| 2 | ഫയൽ നം-A2/645 /2022/3-3-22<br>പെർമിറ്റ്നം-A2-BA(134525)/2022/23-4-22<br>ജാവേദ് നാസിർ<br>താമസം<br>112.57ച മീ | വില്ലേജ്-ചേലേമ്പ്ര<br>ബ്ലോക്ക് നം- 2<br>റിസർവ്വേ നം -27-10-4<br>വിസ്തൃതി-2.29ആർ<br>തരം -നിലം<br>പ്രസ്തുത ഭൂമി ഡാറ്റാബാങ്കിൽ ക്രമ നം 122 പ്രകാരം 17.66ആർ ഭൂമിയും നെൽ വയലാണ്. |

മേൽ ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകത കണ്ടെത്തി.

ക്രമ നം 1,2 എന്നിവ പ്രകാരമുള്ള നിർമ്മാണം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിലാണ്.കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ചട്ടം 14 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിലെ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകാൻ പാടുള്ളതല്ല.

മേൽ അപാകതകൾക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (7/13-2-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 കെട്ടിടത്തിന്റെ തരവും വസ്തു നികുതിയും പരിശോധിക്കാതെ ആയുർവ്വേദ സുഖചികിത്സാ കേന്ദ്രത്തിന് ലൈസൻസ് അനുവദിച്ചു

2021-22 ലൈസൻസ് പുതുക്കി നൽകിയ (ലൈസൻസ് നം 100/21-22)ഫോക്കസ് ആയുർവ്വേദ ഹോസ്പിറ്റലിൽ 15-11-23ന് പഞ്ചായത്ത് ഗ്രാമ പഞ്ചായത്തിലെ ക്ലർക്ക് ഷിബു.എം.കെ യുടെ സാന്നിധ്യത്തിൽ ഭൌതിക പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ, നമ്പർ, തരം, വിസ്തീർണ്ണം-ഫയൽ/സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ | പരിശോധനയിലെ കണ്ടെത്തലുകൾ/അപാകതകൾ |
|---|---|
| വാക്കാട്ട് പൂനാട്ടിൽ അബ്ദുൽ ലത്തീഫ്<br>73.15 ചമീ<br><br>കെട്ടിട നമ്പർ -10/397M<br><br>ആശുപത്രികൾ<br>ടി റൂമുകൾക്ക് നികുതി നിശ്ചയിച്ചിട്ടുള്ളത് ചതുരശ്ര മീറ്ററിന് 5രൂപയാണ്. | സ്ഥാപനത്തിൽ കിടത്തി ചികിത്സ ഇല്ല എന്നും ഉഴിച്ചിൽ മാത്രമാണ് നടത്തുന്നത്.<br>ആയതിനാൽ ടി കെട്ടിടം ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്ന ഗണത്തിലാണ് ഉൾപ്പെടുന്നത് .<br>ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിട്ടുള്ളത് ചതുരശ്ര മീറ്ററിന് 155 രൂപയാണ്.ആയത് ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. |

| | |
|---|---|
| വാക്കാട്ട് പൂനാട്ടിൽ<br>അബ്ദുൽ ലത്തീഫ്<br>കെട്ടിട നമ്പർ -10/397N<br>73.15 ചമീ<br>ആശുപത്രികൾ<br>ടി റൂമുകൾക്ക് നികുതി<br>നിശ്ചയിച്ചിട്ടുള്ളത്<br>ചതുരശ്ര മീറ്ററിന്<br>5രൂപയാണ്. | |
| 10/397S(73.15 ചമീ)<br>പാർപ്പിടം<br>10/397T(73.15 ചമീ)<br>പാർപ്പിടം<br>10/397U(73.15 ചമീ)<br>പാർപ്പിടം<br>10/397V(73.15 ചമീ)<br>പാർപ്പിടം<br>10/397W(73.15 ചമീ)<br>പാർപ്പിടം<br>10/397X(73.15 ചമീ)<br>പാർപ്പിടം<br>ടി റൂമുകൾക്ക് നികുതി<br>നിശ്ചയിച്ചിട്ടുള്ളത്<br>ചതുരശ്ര മീറ്ററിന് 4<br>രൂപയായാണ്. | ആയുർവ്വേദ സുഖ ചികിത്സ നടത്തുന്നതിന്<br>നിശ്ചിത ദിവസത്തേക്ക് താമസിക്കുന്നതിനാണ്<br>ഇത് ഉപയോഗിക്കുന്നത്.<br>ആയതിനാൽ ടി കെട്ടിടങ്ങൾ ലോഡ്ജ് എന്ന<br>ഗണത്തിലാണ് ഉൾപ്പെടുന്നത് .<br>ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി<br>നിശ്ചയിച്ചിട്ടുള്ളത് ചതുരശ്ര മീറ്ററിന് 30<br>രൂപയാണ്.ആയത് ഈടാക്കാത്തതിനാൽ<br>ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം<br>സംഭവിച്ചിട്ടുണ്ട്. |
| 10/397B(73.15 ചമീ)<br>പാർപ്പിടം<br>10/197C(73.15 ചമീ)<br>പാർപ്പിടം<br>,10/397E(73.15 ചമീ)<br>പാർപ്പിടം<br>10/397P(73.15 ചമീ)<br>പാർപ്പിടം<br>10/397Q(73.15 ചമീ)<br>പാർപ്പിടം<br>397L(73.15 ചമീ)<br>പാർപ്പിടം<br>397R(73.15 ചമീ)<br>പാർപ്പിടം<br>10/397F(73.15 ചമീ)<br>പാർപ്പിടം<br>10/397G(73.15 ചമീ)<br>പാർപ്പിടം<br>,397H(73.15 ചമീ)<br>പാർപ്പിടം<br>397I(73.15 ചമീ)<br>പാർപ്പിടം<br>397J(73.15 ചമീ)<br>പാർപ്പിടം | ആയുർവ്വേദ സുഖ ചികിത്സ നടത്തുന്നതിന്<br>നിശ്ചിത ദിവസത്തേക്ക് താമസിക്കുന്നതിനാണ്<br>ഇത് ഉപയോഗിക്കുന്നത്<br>.ഈ റൂമുകൾക്ക് ലൈസൻസ് എടുത്തിട്ടില്ല.<br>ആയതിനാൽ ടി കെട്ടിടങ്ങൾ ലോഡ്ജ് എന്ന<br>ഗണത്തിലാണ് ഉൾപ്പെടുന്നത് .<br>ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി<br>നിശ്ചയിച്ചിട്ടുള്ളത് ചതുരശ്ര മീറ്ററിന് 30<br>രൂപയാണ്.ആയത് ഈടാക്കാത്തതിനാൽ<br>ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം<br>സംഭവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | ടി റൂമുകൾക്ക് നികുതി നിശ്ചയിച്ചിട്ടുള്ളത് ചതുരശ്ര മീറ്ററിന് 4 രൂപയായാണ്. | |

മേൽ കെട്ടിടം പരിശോധിച്ച് കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ടെങ്കിൽ പുനർ നിർണ്ണയിച്ച് മേൽ ആയുർവ്വേദ സുഖചികിത്സാ കേന്ദ്രം പ്രവർത്തിച്ച് തുടങ്ങിയ അന്നു മുതലുള്ള നികുതി ഈടാക്കുകയും ചട്ടപ്രകാരം നികുതി ഈടാക്കാവുന്ന കെട്ടിട ഭാഗങ്ങളെല്ലാം നികുതി നിർണ്ണയത്തിൽ പരിഗണിച്ചിട്ടുണ്ടോ, അനധികൃത നിർമ്മാണങ്ങളുണ്ടോ എന്നത് പരിശോധിക്കുകയും ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടങ്ങളുടെ തരം പരിശോധിച്ച് ആവശ്യമെങ്കിൽ കെട്ടിടം നിശ്ചിത ഫീസ് ഈടാക്കി തരം മാറ്റി ആയതിനനുസരിച്ചുള്ള നികുതി ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 വിവിധോദ്ദേശ കെട്ടിട നിർമ്മാണം- ആസൂത്രണ പിഴവും കാലതാമസവും

പ്രൊജക്ട് : ചാലിയേക്കലിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വിവിധോദ്ദേശ കെട്ടിടം 167/22

അടങ്കൽ : 2500000,

ചെലവ് : 2165489

ടി.എസ്. നം : 97400/2018-2019 DsoR 2016, COI 37.25% (RE. Vide.PR. 2(11)/4.2.2020)

കരാർ നമ്പർ : AE/CGP/2018-19 Date 12.12.2018 (Item Rate. Total.2197997.37)

എംബുക്ക് നം: 107/17-18,52/19, 1247/2020-21

കരാറുകാരൻ : ജിജീഷ്.പി

ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും കെട്ടിടം നേരിട്ട് പരിശോധിച്ചതിലും കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

1) ആസൂത്രണത്തിൽ പാളിച്ച സംഭവിച്ചു.

മുൻപ് പഞ്ചായത്ത് ഓഫീസ് ഉണ്ടായിരുന്ന സ്ഥലത്ത് താഴെ നിലയിൽ ഒരു അങ്കണവാടി, ഒരു സിറ്റൗട്ട് ഒരു വലിയ മുറി, മുകൾ നിലയിൽ വലിയ ഒരു ഹാൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു കെട്ടിടം നിർമ്മിക്കുക എന്നതാണ് വിവിധോദ്ദേശ കെട്ടിടം കൊണ്ട് ഗ്രാമ പഞ്ചായത്ത് ലക്ഷ്യമിട്ടത്. എന്നാൽ 2018 ൽ ഇതിനായി പ്രൊജക്ട് ആവിഷ്കരിച്ചപ്പോൾ സമഗ്രമായ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി മൾട്ടി ഇയർ പ്രൊജക്ട് ആക്കി നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്ത് നൽകുകയുണ്ടായില്ല. പകരം അങ്കണവാടിയും റൂമിനും മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തു. ആറ് മാസം മാത്രം പൂർത്തീകരണ കാലാവധി ഉണ്ടായിരുന്ന ഈ പ്രൊജക്ട് പൂർത്തിയാക്കാൻ പക്ഷെ 33 മാസത്തിൽ അധികം സമയം വേണ്ടി വന്നു (8.9.2021 നാണ് പൂർത്തിയായത്). പ്രൊജക്ട് സമയ ബന്ധിതമായി പൂർത്തിയാക്കിയിരുന്നുവെങ്കിൽ തുടർ വർഷങ്ങളിൽ അനുബന്ധ പ്രവൃത്തികൾക്ക് പ്രൊജക്ട് തയ്യാറാക്കി 2019 ൽ തന്നെ വിഭാവനം ചെയ്ത രീതിയിൽ നിർമ്മാണം പൂർണ്ണമാക്കാമായിരുന്നു.

മേൽ പ്രൊജക്ട് പൂർത്തിയായ ശേഷം 2021-22 ൽ വിവിധോദ്ദേശ കെട്ടിടം പൂർത്തീകരണം എന്ന പേരിൽ ഒരു പ്രൊജക്ട് (177/22) നിർവ്വഹിച്ച് 489127 രൂപ ചെലവിൽ കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്ക് ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ടും ഇലക്ട്രിഫിക്കേഷനുവേണ്ടി നിർവ്വഹിച്ച 167/22 പ്രൊജക്ടും (47937 രൂപ ചെലവ്) ഉൾപ്പെടെ 2702568 രൂപ 2021-22 വരെ ഈ കെട്ടിടത്തിനായി ചെലവ് ചെയ്തിട്ടുണ്ട്. ഇതിന് പുറമെ 2022-23 ൽ കെട്ടിടത്തിന് ചുറ്റും ട്രസ്സ് വർക്ക് ചെയ്ത് ട്രാഫോർഡ് ഷീറ്റ് ഇടുകയും, മുൻവശത്ത്, കെട്ടിടം നീട്ടി നിർമ്മിച്ച് കോൺക്രീറ്റ് മേൽക്കൂര പണിയുന്നതിന് പദ്ധതിയിട്ട ഭാഗത്ത്, സിറ്റൗട്ട് നിർമ്മിച്ച് ട്രസ്സ് വർക്ക് ചെയ്ത് മേൽക്കൂരയിൽ ട്രാഫോർഡ് ഷീറ്റ് ഇട്ടിട്ടുണ്ട്. കെട്ടിടത്തിന് ചുറ്റും സിമന്റ് ബ്ലോക്കുകളും പാകിയിട്ടുണ്ട്.

സമഗ്രമായ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി മൾട്ടി ഇയർ പ്രൊജക്ട് ആക്കി നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിനാലാണ് മേൽ ഖണ്ഡികയിൽ പറഞ്ഞ പ്രകാരം (ഇലക്ട്രിഫിക്കേഷനുവേണ്ടി നിർവ്വഹിച്ചത് ഒഴികെ) പ്രവൃത്തികൾ നിർവ്വഹിക്കേണ്ടി വന്നത് എന്ന് വ്യക്തമാണ്.

2) പ്രൊജക്ട് പൂർത്തീകരണത്തിൽ വലിയ കാലതാമസം ഉണ്ടായി

ഈ പ്രൊജക്ടിന്റെ പ്രവൃത്തി സ്ഥലം 15.12.2018 ന് കരാറുകാരന് കൈമാറിയിട്ടുണ്ട്. സാങ്കേതിക അനുമതി പ്രകാരം 6 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലയളവ്. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ കരാറുകാരന് താഴെ കൊടുത്ത പ്രകാരം ബില്ലുകൾ അനുവദിച്ചിട്ടുണ്ട്.

| ബിൽ | പ്രവൃത്തി അളവ് | മൂല്യം | റിട്ടെൻഷൻ | ബാക്കി തുക ( |
|---|---|---|---|---|
| Ist & പാർട് | MB 107/17-18, 11.3.2019 വരെ | 695917 | 69592 | 626325 (BRN.18151052036601500146/25.3.19) (IT-1%, KCWWF-1%.GST-2% എന്നിവ ബില്ലിൽ നിന്നും കുറച്ചിട്ടുണ്ട്) |
| 2 Nd & പാർട് | MB 107/17-18, 23.6.2019 വരെ | 600816 | 60082 | 540734 (BRN.19151052036600697681/17.10.19) (IT-1%, KCWWF-1%.GST-2% എന്നിവ ബില്ലിൽ നിന്നും കുറച്ചിട്ടുണ്ട്) |
| 3 Rd & പാർട് | MB 652/19, 25.5.2020 വരെ | 556744 | 55674 | 501070 (8502+492568) (0/27.11.2020, BRN.20151052036600780830/27.11.20) (IT-1%, KCWWF-1%.GST-2% എന്നിവ ബില്ലിൽ നിന്നും കുറച്ചിട്ടുണ്ട്) |
| 4 Th & Final | MB 652/19, 1247/2020-21 8.9.2021 വരെ | 312012 | 185348 (റിട്ടെൻഷൻ തുകകൾ തിരികെ) | 497360 , ചെക്ക് നമ്പർ (തനത് ഫണ്ട്) (IT-1%, KCWWF-1%.GST-2%,, 14364 രൂപ കാലതാമസത്തിന് പിഴ എന്നിവ ബില്ലിൽ നിന്നും കുറച്ചിട്ടുണ്ട്) |
| ആകെ | | | | 2165489 രൂപ. |

പ്രൊജക്ട് നിർവ്വഹണം സമയ ബന്ധിതമായി നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് ഉത്തരവാദപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നീ അധികാര കേന്ദ്രങ്ങൾ എല്ലാവരും തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുന്നതിൽ ഉദാസീനത കാണിച്ചതിനാലാണ് പ്രൊജക്ട് നിർവ്വഹണം ഇത്ര നീണ്ടുപോയത് എന്ന് വ്യക്തമാണ്.

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം17/9.2.2023 മുഖേനെ ആവശ്യപ്പെട്ടിരുന്നു.

1. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പാർട്ട് ബിൽ അനുവദിച്ചിട്ടുണ്ട്. എന്നിട്ടും പ്രവൃത്തി കരാർ കാലയളവിനുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. 4.2.2020 ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഇതിന് ശേഷം ഒന്നര വർഷം കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

2. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിന് കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ടതിന്റെ രേഖകൾ ഒന്നും ഫയലിൽ ഇല്ല. ഇപ്രകാരം വിശദീകരണം ആവശ്യപ്പെടാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകാൻ കരാറുകാരൻ ആവശ്യപ്പെട്ടതിന്റെ രേഖകൾ ഒന്നും ഫയലിൽ ഇല്ല. പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

4. ഫൈനൽ ബില്ലിൽ നിന്നും 14364 രൂപ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടുണ്ട്. ഇത് കണക്കാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. ഇതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

ഇതിന് 14.2.2023 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രളയം, നിർമ്മാണ സാമഗ്രികൾ സമയത്തിന് ലഭ്യമാകാതിരുന്നത്, കോവിഡ് എന്നീ കാരണങ്ങളാലാണ് പ്രവൃത്തി സമയത്തിന് പൂർത്തിയാക്കാൻ കഴിയാതിരുന്നത് എന്നും, എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കഴിഞ്ഞുള്ള കാലയളവിൽ ചെയ്ത പ്രവൃത്തികളുടെ ഒരു ശതമാനം തുകയാണ് ഫൈൻ ആയി ഈടാക്കിയത് എന്നുമാണ് പറഞ്ഞിട്ടുള്ളത്.

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പൂർത്തീകരണ കാലയളവ് ആദ്യം മൂന്ന് മാസം ദീർഘിപ്പിച്ച് നൽകുന്നതിന് പ്രൊജക്ട് PAC യുടെ 1% പിഴ ഈടാക്കണം. തുടർന്നുള്ള ഓരോ മൂന്ന് മാസം ദീർഘിപ്പിക്കുന്നതിനും PAC യുടെ 2% പിഴ ഈടാക്കണം. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽ മറുപടി പരിശോധിച്ച് ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതിന് വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

3) കെട്ടിടത്തിന്റെ ഭൗതിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രമ പഞ്ചായത്തിലെ ഓവർസിയർ ശ്രീ.പ്രബിൻ.ടി യുടെ സാന്നിധ്യത്തിൽ 14.2.2023 ന് കെട്ടിടം ഭൗതിക പരിശോധന നടത്തിയിരുന്നു. പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

എ) കെട്ടിടത്തിന്റെ മുൻഭാഗത്തേക്ക് എക്സ്റ്റൻഷൻ നടത്തുന്നതിന് വേണ്ടി മെയിൻ സ്ലാബിൽ നിന്നും പുറത്തേക്ക് കമ്പി തള്ളി വച്ചിട്ടുണ്ട്. അതുപോലെ മുകൾ നില പണിയുന്നതിനുള്ള കോളങ്ങൾക്കായി ടെറസിൽ നിന്നും കമ്പികൾ

മുകളിലേക്ക് തള്ളി വച്ചിട്ടുണ്ട്. ഈ കമ്പികൾ തുരുമ്പെടുക്കാതിരിക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ കെട്ടിടത്തിന്റെ കോൺക്രീറ്റ് വർക്കുകൾ 2019 ൽ പൂർത്തിയായതാണ്. അന്നുമുതൽ നാളിതുവരെ കമ്പികൾ മഴയും ഈർപ്പവും ഏറ്റ് കിടക്കുകയാണ്.

സി) കെട്ടിടത്തിന്റെ മുൻ വശത്തെ സിറ്റൗട്ടിന്റെ ചുമരിലൂടെ ടെറസിൽ നിന്നും വെള്ളം ഒലിച്ചിറങ്ങുമെന്ന് (എക്സ്റ്റൻഷന് പദ്ധതിയുണ്ടായിരുന്നതിനാൽ വെതർ ഷേഡ് എന്ന രീതിയിൽ ചുമരിന് പുറത്തേക്ക് റൂഫ് കോൺക്രീറ്റ് നടത്തിയിട്ടില്ല) കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടിയിലെ ടീച്ചർ അറിയിക്കുകയുണ്ടായി.

ഡി) മുൻവശത്ത്, കെട്ടിടം നീട്ടി നിർമ്മിച്ച് കോൺക്രീറ്റ് മേൽക്കൂര പണിയുന്നതിന് പദ്ധതിയിട്ട ഭാഗത്ത്, സിറ്റൗട്ട് നിർമ്മിച്ച് ട്രസ്സ് വർക്ക് ചെയ്ത് മേൽക്കൂരയിൽ ട്രാഫോർഡ് ഷീറ്റ് ഇട്ടിട്ടുണ്ട്. ഇത് പൊളിച്ച് മാറ്റാതെ എക്സ്റ്റൻഷൻ വർക്ക് നടത്താൻ സാധ്യമല്ല. എക്സ്റ്റൻഷൻ വർക്ക് നടത്തിയാൽ മാത്രമേ മുകൾ നിലയിൽ മുമ്പ് പദ്ധതിയിട്ട രീതിയിൽ ഹാൾ പണിയാൻ കഴിയുകയുള്ളൂ.

പരിഹാര നടപടികൾക്കായി മേൽ അപാകതകളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ ( CHC) നിർവഹണം നടത്തിയ രണ്ട് പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

1- പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങൽ [20/22]

| | |
|---|---|
| ഫണ്ട്/അടങ്കൽ | ഡെവലപ്പ്മെന്റ്ഫണ്ട് ജനറൽ/250000 |
| മരുന്നിന് ചെലവഴിച്ച തുക/ ബിൽ നമ്പർ | ₹ 250000 / BRN 21151052037200888115/1-1-22 |
| തുക നൽകിയതിന്റെ വിവരം | PRF 3064/1-11-21 |

2- പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ [116/22]

| | |
|---|---|
| ഫണ്ട്/അടങ്കൽ | തനത് ഫണ്ട് +<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം)/550000 |
| മരുന്നിന് ചെലവഴിച്ച തുക/ ബിൽ നമ്പർ | തനത് ഫണ്ട്-₹44871 19-1-22<br>₹ 58129/BRN21151052037200975005/19-1-22 |
| തുക നൽകിയതിന്റെ വിവരം | PRF3752/1-12-21 |

മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം / മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(23/14-2-23) മറുപടി ലഭ്യമായിട്ടില്ല.

## 1-20 യുനാനി ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് കം അറ്റൻഡർക്കു വേതനം-തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജെക്റ്റ് നമ്പർ 38/2021-22 .

യുനാനി ഡിസ്പെൻസറി ഫാർമസിസ്റ്റ് കം അറ്റൻഡർക്ക് വേതനം നൽകൽ

ചെലവ് 6075 (തനത് ഫണ്ട്)

2021-22 വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രോജെക്റ്റ് പ്രകാരം യുനാനി ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് കം അറ്റൻഡറെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്.ചേലേമ്പ്ര യുനാനി യൂനിറ്റിലേക്ക് നാഷണൽ ആയുഷ് മിഷന്റെ കീഴിലുള്ള ഒരുക്കങ്ങൾ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററിലെ യുനാനി മെഡിക്കൽ ഓഫീസറുടെ സേവനം ആഴ്ചയിൽ 2ദിവസം ചേലേമ്പ്ര ആയുർവേദ ആശുപത്രിയിൽ അനുവദിച്ചുകൊണ്ടുള്ള ജില്ലാ മെഡിക്കൽ ഓഫീസർ (ഐഎസ് എം)3.9.20ലെ ഉത്തരവിനെ തുടർന്നാണിത്.ഓഡിറ്റ് പിരിയഡിൽ ടിയാന് താഴെ പറയും പ്രകാരം വേതനം നൽകിയിട്ടുണ്ട്.

| കാലയളവ് | തുക | വൗച്ചർ നമ്പർ/തിയതി |
|---|---|---|
| 8/2021ലെ വേതനം | 6075 | 22100376/9.8.2021 |
| ഉത്സവബത്ത | 1210 | 22100462/17.8.21 |
| ആകെ | 7285 | |

സബ്സിഡി മാർഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തി. 14.2.2018 അനുബന്ധ വിഷയങ്ങളിൽ 8.10 പ്രകാരം പ്രോജെക്റ്റിൽ തുക വകയിരുത്തി ശമ്പളമോ/ഹോണറേറിയമോ നൽകാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഫാർമസിസ്റ്റ് കം അറ്റൻഡറെ നിയമിച്ച് വേതനം നൽകാൻ പ്രോജെക്റ്റ് വഴി തുക ചെലവഴിക്കുന്നതിന്ന സബ്സിഡി മാർഗരേഖ പ്രകാരം അനുമതി നൽകിയിട്ടില്ല. തുക ചെലവഴിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 1-17 പ്രകാരം 33,660 രൂപ മേൽ പരാമർശ പ്രകാരം തടസ്സം ചെയ്തിരുന്നു. ആയത് സംബന്ധിച്ച സർക്കാർ സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 1/7.2.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ ഫാർമസിസ്റ്റിന്റെ സേവനം തൽക്കാലം നിർത്തിവച്ചിരിക്കുകയാണെന്നും സർക്കാർ സാധൂകരണം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്.

## 1-21 വെറ്റിനറി സബ് സെന്ററിന് ലാപ് ടോപ് ലഭ്യമായില്ല.

വെറ്റിനറി സബ്സെന്ററിന് ലാപ് ടോപ് വാങ്ങുന്നതിന് കെൽട്രോണിൽ തുക അടവാക്കിയെങ്കിലും ലാപ് ടോപ് ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ/പേര് | 266/2021-22<br>വെറ്റിനറി സബ്സെന്ററിന് ഫർണിച്ചർ, ലാപ് ടോപ് വാങ്ങൽ |
| അടങ്കൽ | 25,000 രൂപ-വികസനഫണ്ട്<br>75,000 രൂപ-തനത് ഫണ്ട് |
| ചെലവ് | 39,020 രൂപ -തനത് ഫണ്ട്<br>ടിആർഎൻ നമ്പർ -2021221510B0002170755/6.12.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

വെറ്റിനറി സബ്സെന്ററിന് ലാപ് ടോപ് വാങ്ങുന്നതിനായി 39,020 രൂപ കേരള സ്റ്റേറ്റ് ഇലക് ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ 30235/29.9.21).1,00,000രൂപ അടങ്കലുള്ള പ്രൊജെക്ടിന് ആകെ ചെലവ് 39,020 രൂപയാണ് വന്നിട്ടുള്ളത്. ആയത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
ലാപ് ടോപ് നാളിതുവരെ ലഭ്യമായിട്ടില്ല. വെറ്റിനറി സർജൻ കെൽട്രോണിന്റെ മാനേജർക്കു നൽകിയ 16.12.21ലെ 98/21 നമ്പർ ലാപ് ടോപ് ലഭ്യമല്ല എന്ന വിവരം കെൽട്രോൺ അറിയിച്ചിട്ടുണ്ട്. തുക എത്രയും പെട്ടെന്ന് മടക്കി നൽകണമെന്ന് വെറ്റിനറി സർജൻ കെൽട്രോണിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 3/9.2.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 39,020 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

കർഷകർക്ക് ധാതുലവണ മിശ്രിതവും വിര മരുന്നും വിതരണം ചെയ്തതിന്റെ സ്റ്റോക്ക് വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ/പേര് | 14/2021-22<br>ധാതു ലവണ മിശ്രിതവും വിരമരുന്നും വാങ്ങൽ |
| അടങ്കൽ | 50,000 രൂപ-വികസനഫണ്ട് |
| ചെലവ് | 30,000 രൂപ -വികസന ഫണ്ട്<br>ബിൽ നമ്പർ 18/26.3.22 |
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

ഗ്രാമസഭ വഴി തെരഞ്ഞെടുക്കുന്ന കർഷകർക്ക് സൗജന്യമായി ധാതുലവണ മിശ്രിതവും വിരമരുന്നും വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ആയതനുസരിച്ച് കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും ധാതുലവണ മിശ്രിതം (കേരാമിൻ സ്പെഷ്യൽ, ഒരു കിലോഗ്രാമിന് 100 രൂപ നിരക്കിൽ) 300ബാഗുകൾ വാങ്ങുന്നതിന് 30,000രൂപ ചെലവഴിച്ചിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ KFLP121-22-057843/21-3-22) മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

1 പ്രോജെക്റ്റ് വനിതാഘടക പദ്ധതിയാണ്. ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ പുരുഷൻമാരുടെ പേര് ഉൾപ്പെടുത്തിയ ലിസ്റ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വനിതാ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ ഗുണഭോക്തൃലിസ്റ്റ് ഉൾപ്പടെയുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2 ധാതുലവണമിശ്രിതം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഇഷ്യൂഡ് എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് നമ്പർ 4/9.2.23പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ ആവശ്യമായ രേഖകൾ ഹാജരാക്കുകയും വിശദീകരണം നൽകുകയും ചെയ്തില്ല,ആയതിനാൽ ചെലവ് തുക30,000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 മുട്ടക്കോഴി വിതരണം-സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കൾക്ക് മുട്ടക്കോഴികളെ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ/പേര് | 232/2021-22<br>മുട്ടക്കോഴി വളർത്തൽ (So) |
| അടങ്കൽ | 1,04,600രൂപ-വികസനഫണ്ട്<br>400രൂപ-തനത് ഫണ്ട്<br>105000-ഗുണഭോക്തൃവിഹിതം |
| ചെലവ് | 49,200രൂപ -വികസന ഫണ്ട്<br>ബിൽ നമ്പർ1/29.10.21<br>49,200രൂപ-ഗുണഭോക്തൃവിഹിതം<br>ചെക്ക് നമ്പർ 731357/25.10.21<br>ആകെ 98,400രൂപ |
| നിർവഹണഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

മൃഗസംരക്ഷണ വകുപ്പിന്റെ അംഗീകാരമുള്ള നിഥിലം എഗ്ഗർ നഴ്സറി കരുവാരകുണ്ടിൽ നിന്നും 120രൂപ നിരക്കിൽ 820 മുട്ടക്കോഴികളെ വാങ്ങിയിട്ടുണ്ട്.(ഇൻവോയ്സ് നമ്പർ 165/16.8.21).മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1 അംഗീകൃത ഗുണഭോക്തൃലിസ്റ്റ്

2 മുട്ടക്കോഴികളെ വിതരണം ചെയ്തതിന്റെ വിവരം

3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്

ഇതു സംബന്ധിച്ച് നമ്പർ 5/9.2.23പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ രേഖകൾ ഹാജരാക്കിയില്ല.ആയതിനാൽ98,400രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 അഗതിരഹിത കേരളം-മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

സമൂഹത്തിലെ താഴെ തട്ടിലുള്ള അവശജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയുള്ള പദ്ധതിയാണ് അഗതിരഹിതകേരളം പദ്ധതി.പദ്ധതി സംബന്ധിച്ച് സ.ഉ(എംഎസ്)നം252/2017തസ്വഭവ തി. 12.12.2017പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ അഗതിരഹിതകേരളം പദ്ധതിക്കായി 9,48,992 രൂപ ചലഞ്ച് ഫണ്ടിനത്തിലും 1,50,417രൂപ പ്ലാൻ ഫണ്ടിനത്തിലും ലഭ്യമായിട്ടുണ്ട്. നിലവിൽ 154 ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉള്ളത്. പദ്ധതി കാലയളവ് നീട്ടിയതിനാൽ ഇപ്പോൾ അവസാന ഘട്ടത്തിലാണ്. 31.3.22 ൽ 1471581.09 രൂപ അഗതിരഹിതകേരളം അക്കൗണ്ടിൽ ബാലൻസ് ഉണ്ട്. (അക്കൗണ്ട് നമ്പർ 40156101065934).

അഗതിരഹിതകേരളം പദ്ധതി സംബന്ധിച്ച് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിരുന്നു. മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1 അഗതിരഹിതകേരളം പദ്ധതി കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ് പരിശോധിക്കുന്നതായി കാണുന്നില്ല.

2 വസ്ത്രം,വിദ്യാഭ്യാസ ആവശ്യങ്ങൾ,മെഡിക്കൽ ആവശ്യങ്ങൾ എന്നിവ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3 2021-22 വർഷത്തിൽ ആകെ ഒരു തവണ മാത്രമാണ് വിലയിരുത്തൽ സമിതി യോഗം ചേർന്നിട്ടുള്ളത്. (28.10.21) മൂന്ന് മാസത്തിലൊരിക്കൽ വിലയിരുത്തൽ സമിതി യോഗം ചേർന്ന് പ്രവർത്തനങ്ങൾ നിരീക്ഷിക്കണമെന്ന് പ്രസ്തുത

യോഗത്തിൽ നിർദേശിച്ചിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കിയിട്ടില്ല. ഉപസമിതിയുടെ മിനുട്ട്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അഗതിരഹിത കേരളം പദ്ധതി കാര്യക്ഷമമായി മോണിറ്റർ ചെയ്യുകയും ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ എല്ലാം ലഭിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## 1-25 കക്കൂസ് നിർമ്മാണം- പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

വ്യക്തിഗത കക്കൂസ് നിർമ്മാണം-ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ/പേര് | 153/2021-22<br>വ്യക്തിഗത കക്കൂസ് നിർമ്മാണം |
| അടങ്കൽ | 61,200രൂപ-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>2,16,000രൂപ-കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 57,800 രൂപ -ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ബിൽ നമ്പർ 253/5.2.22-40,800രൂപ<br>ബിൽ നമ്പർ 345/5.3.22-3400 രൂപ<br>ബിൽ നമ്പർ 354/9.3.22 13600 രൂപ<br>1,72,000രൂപ-കേന്ദ്രാവിഷ്കൃത ഫണ്ട്<br>ചെക്ക് നമ്പർ 022816/15.2.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. കക്കൂസ് നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 3400 രൂപയും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 12000 രൂപയും ഉൾപ്പടെ ആകെ 15,400 രൂപയാണ് കക്കൂസ് നിർമ്മാണത്തിന് നൽകുന്നത്. ആകെ 17 ഗുണഭോക്താക്കളാണ് കരാർ വച്ചിട്ടുള്ളത്. മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 22/14.2.23പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭൂരഹിതർക്ക് വാസഭൂമി വാങ്ങൽ - അപാകതകൾ പരിഹരിക്കേണ്ടതാണ്.

ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് വാസഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജെക്റ്റ് നമ്പർ/പേര് | 37/2021-22<br>ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് വാസഭൂമി വാങ്ങൽ - ജനറൽ |
| അടങ്കൽ | 8,00,000രൂപ-വികസനഫണ്ട്<br>16,00,000രൂപ-ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവ് | 8,00,000 രൂപ -വികസന ഫണ്ട്<br>ബിൽ നമ്പർ 229/25.3.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് വാസഭൂമി വാങ്ങുന്നതിനായി 2 ഗുണഭോക്താക്കൾക്ക് 2,00,000 രൂപ വീതവും ഒരു ഗുണഭോക്താവിന് 2,25,000 രൂപയും(എസ് സി ഗുണഭോക്താവ്) ഉൾപ്പടെ 6,25,000രൂപ ധനസഹായം നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 1,75,000രൂപ 3 ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിയിൽ ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പ്രോജെക്ട് പ്രകാരം 4 ഗുണഭോക്താക്കൾക്കാണ് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചത്. ഇതിന് ആകെ 6,25,000 രൂപയാണ് ചെലവായിട്ടുള്ളത്. അവശേഷിക്കുന്ന 1,75,000 രൂപ ഭവനനിർമ്മാണത്തിന് ധനസഹായമിനത്തിൽ അനുവദിച്ചതാണ്. പ്രൊജെക്ട് ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണസമിതിയിൽ നിന്നും അനുമതി വാങ്ങുകയോ പഞ്ചായത്ത് തീരുമാനമെടുത്ത് അനുമതി നൽകുകയോ ചെയ്യാതെ പ്രോജെക്ടിൽ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചത് ക്രമപ്രകാരമല്ല.

2 ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയ നിസ വി പി എടത്തൊടി വീട് , ചേലേമ്പ്ര എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. കരാർ പ്രകാരം ധനസഹായം കൈപ്പറ്റി 6 മാസങ്ങൾക്കുള്ളിൽ ഭവനനിർമ്മാണം ആരംഭിക്കേണ്ടിയിരുന്നു.

3 മോണിറ്ററിംഗ് കമ്മിറ്ററി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇത് സംബന്ധിച്ച് നമ്പർ 26/14.2.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-27 പത്ര പരസ്യ ചാർജ് - ഡിസ്കൗണ്ട് ലഭിച്ചില്ല

സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O (Rt) No.288/14/I&PRD Dated: 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നൽകിയ ചുവടെ ചേർക്കുന്ന പരസ്യ ചാർജുകളിൽ സ്ഥാപനത്തിന് ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | പത്രത്തിന്റെ പേര് (ഇൻവോയ്സ് നമ്പർ/ തിയ്യതി) | പരസ്യം നൽകിയ തിയ്യതി/വിഷയം | പരസ്യ ചാർജ് (5% GST ഉൾപ്പെടെ) | ലഭ്യമാവേണ്ടിയിരുന്ന ഡിസ്കൗണ്ട് 15% (നികുതി ഒഴികെയുള്ള തുകക്ക്) |
|---|---|---|---|---|
| 22100106/02.11.2021 | മലയാള മനോരമ ദിനപത്രം (KE0434016174/27.08.2021) | 27.08.2021/ ടെണ്ടർ പരസ്യം | 1796 | 257 (1710 X 15%) |
| 22100286/02.11.2021 | മലയാള മനോരമ ദിനപത്രം (KH0440000371/02.11.2021) | 02.11.2021/ ടെണ്ടർ പരസ്യം | 1796 | 257 (1710 X 15%) |
| 22100477/18.02.2022 | മലയാള മനോരമ ദിനപത്രം (KJ0442016023/22.12.2021) | 22.12.2021/ ടെണ്ടർ പരസ്യം | 1796 | 257 (1710 X 15%) |
| | മലയാള മനോരമ ദിനപത്രം (KK0444000055/01.01.2022) | 01.01.2022/ ടെണ്ടർ പരസ്യം | 1796 | 257 (1710 X 15%) |
| 22100772/31.03.2022 | മലയാള മനോരമ ദിനപത്രം (EL0446011884/18.02.2022) | 18.02.2022/ ടെണ്ടർ പരസ്യം | 1796 | 257 (1710 X 15%) |
| ആകെ | | | 8980 | 1285 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ :

28/14.02.2023) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിന് ലഭ്യമാവേണ്ടിയിരുന്ന ഡിസ്കൗണ്ട് ലഭ്യമാവാത്തതിന് വിശദീകരണം നൽകേണ്ടതും, നഷ്ടത്തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതും തുടർ വർഷങ്ങളിൽ പത്ര പരസ്യങ്ങൾക്ക് തുക നൽകുമ്പോൾ ഡിസ്കൗണ്ട് ലഭ്യമായി എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-28 അംഗൻവാടി പോഷകാഹാരം - പ്രൊജക്ട് അപാകതൾ

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

1. പ്രൊജക്ട് നമ്പർ, പേര് : 7/22, അനുപൂരക പോഷകാഹാരം (ജനറൽ)

അടങ്കൽ : 5984000

ചെലവ് തുക : 56,67,159 രൂപ (വികസന ഫണ്ട് ജനറൽ - 22250000, കേന്ദ്രാവിഷ്കൃത ഫണ്ട് - 3017159, തനത് ഫണ്ട് - 400000)

2. പ്രൊജക്ട് നമ്പർ, പേര് : 11/22, അനുപൂരക പോഷകാഹാരം (എസ് സി പി)

അടങ്കൽ : 300000

തുക : 3,00,000 (വികസന ഫണ്ട് എസ് സി പി)

മേൽ പ്രൊജക്ടുകൾ പ്രകാരം അംഗൻവാടി ഭക്ഷ്യധാന്യം വിതരണം, കടത്ത് കൂലി എന്നിവക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധന സമയബന്ധിതമായി നടത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ അംഗൻവാടികൾ മുഖേന ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ താഴെ കാണിച്ച സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| സ്ഥാപനം | തുക |
|---|---|
| വിജയ് & ഓജസ്സി ന്യൂട്രിമിക്സ് ചേലേമ്പ്ര | 2239443 |
| ആരോഗ്യപ്രിയ ന്യൂട്രിമിക്സ്, കുമ്മിണിപ്പറമ്പ് | 679653 |
| പുലരി ന്യൂട്രിമിക്സ്, പുളിക്കൽ | 276342 |
| നിയോവിറ്റ ഹെൽത്ത് ന്യൂട്രിമിക്സ്, മൊറയൂർ | 90770 |
| അന്നപൂർണ്ണ ന്യൂട്രിമിക്സ്, കണ്ണമംഗലം | 139230 |
| കൈരളി ന്യൂട്രിമിക്സ്, വള്ളിക്കുന്ന് | 444703 |

കുടുംബശ്രീ യൂനിറ്റുകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധന രണ്ട് മാസത്തിലൊരിക്കൽ നടത്തണം എന്ന് സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി*3-312/10* തീയതി *18-12-10* നമ്പർ കത്ത് പ്രകാരം നിർദ്ദേശം ഉള്ളതാണെങ്കിലും പഞ്ചായത്തിൽ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ പരിശോധനാ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പഞ്ചായത്തിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല

പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല. സ്ഥാപനങ്ങളുമായി പഞ്ചായത്ത് കരാർ ചമക്കുകയും ചെയ്തിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 14/13.02.2023) മറുപടി ലഭ്യമാക്കിയില്ല. ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധന ഉറപ്പ് വരുത്തേണ്ടതും, സ്ഥാപനങ്ങളുമായി പഞ്ചായത്ത് കരാർ ചമക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-29 വൗച്ചർ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 2021-22 വർഷത്തെ തനത് ഫണ്ട് വൗച്ചർ ചെലവുകളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ചെലവുകളുടെ അനുബന്ധ രേഖകൾ, വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | തുക | ചെലവ് വിശദാംശം | കുറിപ്പ് |
|---|---|---|---|
| 22100324/16.01.2022 | 4500 | ഹൈവേ വികസനത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റേണ്ട ഇടിമുഴിക്കൽ അംഗൻവാടി കെട്ടിടത്തിൽ നിന്നും കമ്പി, ഷീറ്റ്, ഗ്രിൽ എന്നിവ എടുത്ത് മാറ്റിയതിന് കൂലി ഇനത്തിൽ ശ്രീ. സൈതാലിക്കോയ എന്ന വ്യക്തിക്ക് നൽകിയ തുക | കമ്പി, ഷീറ്റ്, ഗ്രിൽ, മറ്റു സാധനങ്ങൾ എന്നിവ ലേലം ചെയ്ത് വിൽപ്പന നടത്തിയതിന്റെ വിവരം ലഭ്യമല്ല |
| 22100546/04.03.2022 | 26880 | ജനകീയാസൂത്രണം സിൽവർ ജൂബിലിയുടെ ഭാഗമായി 56 മൊമെന്റോകൾ നിർമ്മിച്ച് നൽകിയതിന് മീഡിയ സ്ക്വയർ വാഴക്കാട് എന്ന സ്ഥാപനത്തിന് നൽകിയ തുക | ബില്ല്, വൗച്ചർ അനുബന്ധ രേഖകൾ ഇല്ല |
| 22100649/20.03.2022 | 10000 | കേരള ഒളിമ്പിക് അസോസിയേഷന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയ തുക | കൈപ്പറ്റ് രേഖകൾ ഇല്ല |
| 22100772/31.03.2022 | 9168 | പത്ര പരസ്യ ചാർജ് ഇനത്തിൽ അനുവദിച്ച തുക (പ്രൊജക്ട് നമ്പർ 4/22 പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗ് ചെലവുകളിൽ ഉൾപ്പെടുത്തി) | സ്ഥാപനത്തിന്റെ ബില്ല്, വൗച്ചർ അനുബന്ധ രേഖകൾ ഇല്ല. (ILGMS ഫയൽ ഡോക്യുമെന്റുകൾ പരിശോധിച്ചപ്പോൾ മലയാള മനോരമ പത്രത്തിന്റെ 1796/- രൂപയുടെ ഒരു ഇൻവോയ്സ് മാത്രമാണ് കാണാൻ സാധിച്ചത് - ഇൻവോയ്സ് നമ്പർ EL0446011884/18.02.2022) 7372/- രൂപയുടെ ചെലവ് അനുബന്ധ രേഖകൾ ഇല്ല. |

| | | | |
|---|---|---|---|
| ആകെ | 50548 | | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 27/14.02.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 48,752 (50548 - 1796) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 KSEB തുക നിക്ഷേപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2021-22 വർഷത്തിൽ നടപ്പാക്കിയ അംഗൻവാടി വൈദ്യതീകരണം, സ്ട്രീറ്റ് മെയിൻ വലിക്കൽ എന്നീ പ്രൊജക്ടുകൾ പ്രകാരം തുക കെ.എസ്.ഇ.ബി യിൽ അടവാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | തുക അടവാക്കിയ സ്ഥാപനം | ചെലവ് വിശദാംശം |
|---|---|---|
| 220/22 പതിനാറാം വാർഡിലെ പുല്ലിപ്പറമ്പ് അംഗനവാടി വൈദ്യതീകരണം | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ കടലുണ്ടി | അടങ്കൽ : 40,000<br>വൗച്ചർ നമ്പർ : 22100529/16.02.2022<br>ചെലവ് തുക : 38,541 രൂപ<br>ഫണ്ട് : തനത് ഫണ്ട് |
| 125/22 വിവിധ റോഡുകളിൽ തെരുവ് വിളക്കുകൾക്കായി സ്ട്രീറ്റ് മെയിൻ വലിക്കൽ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ കടലുണ്ടി | അടങ്കൽ : 15,93,098<br>ചെലവ് തുക : 15,69,624 രൂപ<br>(വൗച്ചർ നമ്പർ : 22100895/25.10.2021 – 677700, 22100760/31.03.2022 – 456198, 22100962/09.02.2022 - 435726)<br>ഫണ്ട് : വികസന ഫണ്ട് ജനറൽ / തനത് ഫണ്ട് |
| ആകെ ചെലവ് തുക | | 16,08,165 |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 15/13.02.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 16,08,165 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക്ക് വീൽ ചെയർ - പ്രൊജക്ട് അപാകതൾ

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ, പേര് : 12/22, ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽചെയർ

അടങ്കൽ : 692750

ചെലവ് തുക : 6,92,750 രൂപ (വികസന ഫണ്ട് ജനറൽ - 650350, തനത് ഫണ്ട് - 42400)

ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽചെയർ നൽകൽ എന്ന മേൽ പ്രൊജക്ട് പ്രകാരം 8 വീൽ ചെയറുകൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തിയ്യതി | തുക | ഇൻവോയ്സ് നമ്പർ/തിയ്യതി | കുറിപ്പ് |
|---|---|---|---|
| 22100955/25.01.2022 | 425000 | PKDBC/059/21-22 Dt: 21.10.2021 (425000/- രൂപ) | 85000/- രൂപ വിലയുള്ള 5 വീൽ ചെയറുകൾ |
| 22101017/21.03.2022 | 225350 | PKDBC/140/21-22 Dt: 22.02.2022 (267750/- രൂപ) | 89250/- രൂപ വിലയുള്ള 3 വീൽ ചെയറുകൾ |
| JM 026757/24.03.2022 (ചെക്ക് നമ്പർ) | 42400 | | |
| ആകെ | 692750 | | |

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി : 14.02.2018 ഖണ്ഡിക 7.1.2 പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങി

നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് നടത്തിയ ക്യാമ്പിൽ നിന്നും, പിന്നീട് പഞ്ചായത്ത് നടത്തിയ ക്യാമ്പ് മുഖേനയുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത്. രണ്ട് തവണകളിലായി വീൽചെയർ വാങ്ങിയപ്പോൾ രണ്ട് തരത്തിലുള്ള വിലയാണ് സ്ഥാപനം ഈടാക്കിയതായി കാണുന്നത്. 5 വീൽ ചെയറുകൾ 85000/- രൂപ നിരക്കിൽ ലഭ്യമായപ്പോൾ, 3 വീൽ ചെയറുകൾ 89250/- രൂപ നിരക്കിലാണ് ലഭ്യമായത്. ആദ്യ ബില്ലിൽ GST ഉൾപ്പെടെ വില കാണിച്ചപ്പോൾ, രണ്ടാമത്തെ ബില്ലിൽ GST പുറമെ കാണിച്ചതിനാലാണ് വില വ്യത്യാസം വന്നത്. പ്രൊജക്ട് നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഖണ്ഡിക 7.1.3 പ്രകാരം ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് ക്യാമ്പ് നടത്തണം. ഓരോരുത്തർക്കും പ്രത്യേകത സ്പെസിഫിക്കേഷൻ പ്രാകരമുള്ള ഉപകരണം വേണം എന്നതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഉപകരണങ്ങളും, മതിപ്പ് വിലയും നിശ്ചയിച്ചതിന് ശേഷം മാത്രമേ പ്രൊജക്ട് തയ്യാറാക്കാവൂ. പ്രൊജക്ട് തയ്യാറാക്കിയതിന് ശേഷമാണ് ക്യാമ്പ് നടത്തിയത്. പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്തണം എന്ന നിർദേശം പാലിച്ചിട്ടില്ല.

2. ഖണ്ഡിക 7.1.3 (5) പ്രകാരം ഉപകരണങ്ങൾ ഒരിക്കൽ നൽകിയവർക്ക് തന്നെ വീണ്ടും നൽകാതിരിക്കാൻ വേണ്ട മുൻകരുതൽ എന്ന നിലയിൽ ഭിന്നശേഷിക്കാരുടെ സ്ഥിതിവിവര കണക്ക് തയ്യാറാക്കിവെക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരം വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

3. ഖണ്ഡിക 7.1.4 (1) പ്രകാരം ഉപകരണങ്ങൾ വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നോ, ആർട്ടിഫിഷ്യൽ ലിംഫ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ്/കാൺപൂർ) യിൽ നിന്നോ, മറ്റ് സർക്കാർ നിർദേശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ്. എന്നാൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർ പ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ മേൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി സർക്കാർ തെരഞ്ഞെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 15/13.02.2023) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക 6,92,750 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-32 മാലിന്യ സംസ്കരണം - വാഹന വാടക - അപാകതകൾ

നിർവഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

പ്രൊജക്ട് നമ്പർ / പേര് : 233/എം.സി.എഫ് സ്ഥലം ഏറ്റെടുക്കൽ, വാഹന വാടക

അടങ്കൽ : 451300

ചെലവ് തുക : 184301 (ധനകാര്യ കമ്മീഷൻ അവാർഡ്)

ഹരിതകർമ്മസേന വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുന്നതിനായുള്ള വാഹനത്തിന്റെ വാടകയും, എം.സി.എഫ് കെട്ടിടത്തിന്റെ വാടകയുമാണ് മേൽ പ്രൊജക്ട് പ്രകാരം ചെലവ്.

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഹരിതകർമ്മസേന വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുന്നതിനായി മൂന്ന് ചക്ര/നാല് ചക്ര ടാക്സി വാഹന ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം (എ1/3094/2021 തി.06.08.2021) ലഭ്യമായ 3 ക്വട്ടേഷനുകളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. മുഹമ്മദ് ഷാഫി പി.പി, പൂളാത്ത് പറമ്പ് എന്ന വ്യക്തിയുടെ (KL 10 AQ 7468 Ape) ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. (09.09.2021 ലെ 5/1 ഭരണസമിതി തീരുമാനം)

ക്വട്ടേഷൻ പ്രകാരം 10 കി.മീ ഓട്ടം വരെയുള്ള പ്രതിദിന വാടകയും, ശേഷം അധികം ഓടുന്ന ദൂരത്തിനുള്ള കി.മീ നിരക്കും ക്വാട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടിരുന്നത്. ആയത് പ്രകാരം അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം മിനിമം 350/- രൂപയും (10 കി.മീ വരെ) പിന്നീട് ഓടുന്ന ഓരോ അഡീഷണൽ കി.മീറ്ററിനും 25/- രൂപ നിരക്കുമാണ് കാണിച്ചിരുന്നതും, അംഗീകരിച്ചതും.

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വാടകക്ക് പുറമെ വെയിറ്റിംഗ് ചാർജ് അനുവദിച്ച് നൽകി

പ്രതിദിനം മാലിന്യം ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നതിന് വാഹന വാടകക്ക് ആണ് ക്വട്ടേഷൻ ക്ഷണിച്ചിരുന്നത് എങ്കിലും, വാടക അനുവദിച്ചപ്പോൾ ലോഡിംഗ് & അൺലോഡിംഗ്, വെയിറ്റിംഗ് ചാർജ് എന്നിവ അനുവദിച്ചതായി കാണുന്നു. വാഹനത്തിന് പ്രതിദിന വാടകയും, അഡീഷണൽ കിലോ മീറ്ററിന് പ്രത്യേക നിരക്കും ഉണ്ടെങ്കിലും വെയിറ്റിംഗ് ചാർജ് അനുവദിച്ച് നൽകിയത് എന്തിനെന്ന് വ്യക്തമല്ല. മാത്രമല്ല ലോഡിംഗ് & അൺലോഡിംഗ് ചാർജ് ആർക്കാണ് നൽകിയത് എന്ന് വ്യക്തമല്ല, കൂടാതെ തുക കൈപ്പറ്റിയതിന് വൗച്ചറോ, കൈപ്പറ്റ് രശീതിയോ ഇല്ല. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/തിയ്യതി | തുക | വിശദാംശം | കുറിപ്പ് |
|---|---|---|---|
| 22100906/09.11.2021 | 34610 | 1) 07/2021, 08/20201 മാസങ്ങളിലെ വാഹന വാടക 13150/- രൂപ + ലോഡിംഗ്&അൺലോഡിംഗ്, വെയിറ്റിംഗ് ചാർജ് 750/- രൂപയും ഉൾപ്പെടെ 13900/- രൂപ<br>2) 08/2021, 09/20201 മാസങ്ങളിലെ വാഹന വാടക 18275/- രൂപ + ലോഡിംഗ്&അൺലോഡിംഗ്, വെയിറ്റിംഗ് ചാർജ് 2435/- രൂപയും ഉൾപ്പെടെ 20710/- രൂപ | 3215 രൂപയുടെ ചെലവ് വിശദാംശം ലഭ്യമല്ല (750 + 2435 + 30) |
| 22100973/31.01.2022 | 11980 | 10/2021, 11/20201 മാസങ്ങളിലെ വാഹന വാടക 11950/- രൂപ + ലോഡിംഗ്&അൺലോഡിംഗ്, വെയിറ്റിംഗ് ചാർജ് 30/- രൂപയും ഉൾപ്പെടെ 11980/- രൂപ | |
| 22100907/12.11.2021 | 46445 | എം.സി.എഫ് കെട്ടിടത്തിന്റെ വാടക | ഏത് മാസത്തെ വാടകയാണ് നൽകിയത് എന്ന് വ്യക്തമല്ല |
| 22100968/09.02.2022 | 47466 | എം.സി.എഫ് കെട്ടിടത്തിന്റെ വാടക | |
| 22101007/08.03.2022 | 43800 | 10/2021, മുതൽ 03/2022 വരെ മാസങ്ങളിലെ വാഹന വാടക43800/- രൂപ | |
| ആകെ | 184301 | | |

2. ക്വട്ടേഷൻ നിരക്കിനേക്കാൾ അധിക തുക വാഹന വാടക ഇനത്തിൽ അനുവദിച്ചു

വാഹനത്തിന് പ്രതിദിന വാടകയും, അഡീഷണൽ കിലോ മീറ്ററിന് പ്രത്യേക നിരക്കും ക്വട്ടേഷൻ പ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും, (മിനിമം 350/- രൂപയും / 10 കി.മീ വരെ, പിന്നീട് ഓടുന്ന ഓരോ അഡീഷണൽ കി.മീറ്ററിനും 25/- രൂപ നിരക്കിൽ) ചില ദിവസങ്ങളിൽ വാടക അനുവദിച്ച് നൽകിയപ്പോൾ അധിക നിരക്കിൽ തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തിയ്യതി | വാഹനം ഓടിയ ദൂരം | അനുവദിച്ച തുക | അനുവദീയമായ തുക | അധികം | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 30.07.2021 | ദൂരം കാണിച്ചിട്ടില്ല | 700 | 350 | 350 | 2 ട്രിപ്പ് എന്ന് കാണിച്ച് 700 രൂപ അനുവദിച്ചു (2x350) |
| 2 | 03.08.2021 | 1. മിനിമം (ദൂരം കാണിച്ചിട്ടില്ല) 2. 13 കി.മീ | 700 | 675 (350 + 325) | 25 | 2 ട്രിപ്പ് എന്ന് കാണിച്ച് 700 രൂപ അനുവദിച്ചു (2x350) |
| 3 | 06.08.2021 | ദൂരം കാണിച്ചിട്ടില്ല | 700 | 350 | 350 | മിനിമം എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |

| | | | | | | |
|---|---|---|---|---|---|---|
| 4 | 07.08.2021 | ദൂരം കാണിച്ചിട്ടില്ല | 700 | 350 | 350 | മിനിമം എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 5 | 11.08.2021 | 1. മിനിമം (ദൂരം കാണിച്ചിട്ടില്ല) 2. 12 കി.മീ | 700 | 650 (350 + 300) | 50 | 2 ട്രിപ്പ് എന്ന് കാണിച്ച് 700 രൂപ അനുവദിച്ചു (2x350) |
| 6 | 12.08.2021 | ദൂരം കാണിച്ചിട്ടില്ല | 700 | 350 | 350 | മിനിമം എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 7 | 13.08.2021 | ദൂരം കാണിച്ചിട്ടില്ല | 700 | 350 | 350 | മിനിമം എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 8 | 14.08.2021 | 1. മിനിമം (ദൂരം കാണിച്ചിട്ടില്ല) 2. 11 കി.മീ | 700 | 625 (350 + 275) | 75 | 2 ട്രിപ്പ് എന്ന് കാണിച്ച് 700 രൂപ അനുവദിച്ചു (2x350) |
| 9 | 30.08.2021 | ദൂരം കാണിച്ചിട്ടില്ല | 700 | 350 | 350 | മിനിമം എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350). ഒരു ട്രിപ്പ് ഷീറ്റ് മാത്രമാണ് ഫയലിൽ ഉള്ളത് |
| 10 | 02.09.2021 | 17 | 650 | 525 (350 + 175) | 125 | - |
| 11 | 04.09.2021 | ദൂരം കാണിച്ചിട്ടില്ല | 700 | 350 | 350 | മിനിമം എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 12 | 08.09.2021 | ദൂരം കാണിച്ചിട്ടില്ല | 700 | 350 | 350 | മിനിമം എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 13 | 24.09.2021 | 17 | 650 | 525 (350 + 175) | 125 | - |
| 14 | 14.10.2021 | 10+10+10 | 1050 | 850 (350 + 500) | 200 | 10 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 15 | 15.10.2021 | 10+8+9 | 1050 | 775 (350 + 425) | 275 | 10, 8, 9 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 16 | 16.10.2021 | 10+8+9 | 1050 | 775 (350 + 425) | 275 | 10, 8, 9 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 17 | 19.10.2021 | 5+5+5+7 | 1400 | 650 (350 + 300) | 750 | 5, 5, 5, 7 കി.മീ എന്ന് കാണിച്ച് നാല് തവണ തുക നൽകി (4x350) |
| 18 | 20.10.2021 | 6+7 | 700 | 425 (350 + 75) | 275 | 6, 7 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 19 | 21.10.2021 | 10+6 | 700 | 500 (350 + 150) | 200 | 10, 6 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |

| | | | | | | |
|---|---|---|---|---|---|---|
| 20 | 22.10.2021 | 5+8+10 | 1050 | 675 (350 + 325) | 375 | 5, 8, 10 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 21 | 25.10.2021 | 9+10 | 700 | 575 (350 + 225) | 125 | 9, 10 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 22 | 26.10.2021 | 10+10+10 | 1050 | 850 (350 + 500) | 200 | 10 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 23 | 27.10.2021 | 9+4 | 700 | 425 (350 + 75) | 275 | 9, 4 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 24 | 28.10.2021 | 8+9+7.5 | 1050 | 713 (350 + 363) | 337 | 8, 9, 7.5 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 25 | 29.10.2021 | 10+12 | 750 | 650 (350 + 300) | 100 | 10, 12 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (350 + 400) |
| 26 | 30.10.2021 | 5+4.5 | 700 | 350 | 350 | 5, 4.5 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 27 | 01.11.2021 | 6+9.5+10 | 1050 | 738 (350 + 388) | 312 | 6, 9.5, 10 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 28 | 04.11.2021 | 8+8.5+10+9 | 1400 | 988 (350 + 638) | 412 | 8, 8.5, 10, 9 കി.മീ എന്ന് കാണിച്ച് നാല് തവണ തുക നൽകി (4x350) |
| 29 | 05.11.2021 | 10+6+10+5+10 | 1750 | 1125 (350 + 775) | 625 | 10, 6, 10, 5, 10 കി.മീ എന്ന് കാണിച്ച് അഞ്ച് തവണ തുക നൽകി (5x350) |
| 30 | 06.11.2021 | 10+5+8+9 | 1400 | 900 (350 + 550) | 500 | 10, 5, 8, 9 കി.മീ എന്ന് കാണിച്ച് നാല് തവണ തുക നൽകി (4x350) |
| 31 | 08.11.2021 | 10+5+6+10+9+10 | 2100 | 1350 (350 + 1000) | 750 | 10, 5, 6, 10, 9, 10 കി.മീ എന്ന് കാണിച്ച് ആറ് തവണ തുക നൽകി (6x350) |
| 32 | 09.11.2021 | 4+6+10+9+8+10 | 2100 | 1275 (350 + 925) | 825 | 4, 6, 10, 9, 8, 10 കി.മീ എന്ന് കാണിച്ച് ആറ് തവണ തുക നൽകി (6x350) |
| 33 | 10.11.2021 | 6+6+4+10+10 | 1750 | 1000 (350 + 650) | 750 | 6, 6, 4, 10, 10 കി.മീ എന്ന് കാണിച്ച് അഞ്ച് തവണ തുക നൽകി (5x350) |

| | | | | | | |
|---|---|---|---|---|---|---|
| 34 | 16.11.2021 | 10+8 | 700 | 550 (350 + 200) | 150 | 10, 8 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 35 | 17.11.2021 | 9+10+10+8.5+6+7 | 2100 | 1363 (350 + 1013) | 737 | 9, 10, 10, 8.5, 6, 7 കി.മീ എന്ന് കാണിച്ച് ആറ് തവണ തുക നൽകി (6x350) |
| 36 | 18.11.2021 | 10+8+7 | 1050 | 725 (350 + 375) | 325 | 10, 8, 7 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 37 | 19.11.2021 | 3+7+4+5+10+9+7 | 2450 | 1225 (350 + 875) | 1225 | 3, 7, 4, 5, 10, 9, 7 കി.മീ എന്ന് കാണിച്ച് ഏഴ് തവണ തുക നൽകി (7x350) |
| 38 | 20.11.2021 | 10+10+10+8 | 1400 | 1050 (350 + 700) | 350 | 10, 10, 10, 8 കി.മീ എന്ന് കാണിച്ച് നാല് തവണ തുക നൽകി (4x350) |
| 39 | 22.11.2021 | 8+10+10 | 1050 | 800 (350 + 450) | 250 | 8, 10, 10 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 40 | 23.11.2021 | 8+6 | 700 | 450 (350 + 100) | 250 | 8, 6 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 41 | 24.11.2021 | 8+7+5+6+6+7 | 2100 | 1075 (350 + 725) | 1025 | 8, 7, 5, 6, 6, 7 കി.മീ എന്ന് കാണിച്ച് ആറ് തവണ തുക നൽകി (6x350) |
| 42 | 26.11.2021 | 6+10+10 | 1050 | 750 (350 + 400) | 300 | 6, 10 , 10 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 43 | 27.11.2021 | 6+10+9+6 | 1400 | 875 (350 + 525) | 525 | 6, 10, 9, 6 കി.മീ എന്ന് കാണിച്ച് നാല് തവണ തുക നൽകി (4x350) |
| 44 | 29.11.2021 | 8+10+10+10+1 | 1750 | 1075 (350 + 725) | 675 | 8, 10, 10, 10, 1 കി.മീ എന്ന് കാണിച്ച് അഞ്ച് തവണ തുക നൽകി (5x350) |
| 45 | 30.11.2021 | 10+10+10+8+10+16 | 2100 | 1700 (350 + 1350) | 400 | 10, 10, 10, 8, 10, 16 കി.മീ എന്ന് കാണിച്ച് ആറ് തവണ തുക നൽകി (6x350) |
| 46 | 06.12.2021 | 8+7 | 700 | 475 (350 + 125) | 225 | 8, 7 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 47 | 07.12.2021 | 8+5 | 700 | 425 (350 + 75) | 275 | 8, 5 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |

| | | | | | | |
|---|---|---|---|---|---|---|
| 48 | 08.12.2021 | 8+8 | 700 | 500 (350 + 150) | 200 | 8, 8 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 49 | 11.12.2021 | 3+10+5 | 1050 | 550 (350 + 200) | 500 | 3, 10, 5 കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 50 | 14.12.2021 | 8+5 | 700 | 425 (350 + 75) | 275 | 8, 5 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| 51 | 30.12.2021 | 3+3+3 | 1050 | 350 | 700 | 3 വീതം കി.മീ എന്ന് കാണിച്ച് മൂന്ന് തവണ തുക നൽകി (3x350) |
| 52 | 16.02.2022 | 6+6 | 700 | 400 (350 + 50) | 300 | 6, 6 കി.മീ എന്ന് കാണിച്ച് രണ്ട് തവണ തുക നൽകി (2x350) |
| | ആകെ അധികം നൽകിയ തുക | | | | 19798 | |

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 18/13.02.2023) മറുപടി ലഭ്യമാക്കിയില്ല. 1) ഏത് മാസത്തെ വാടകയാണ് എം.സി.എഫ് കെട്ടിടത്തിന്റെ വാടകയായി നൽകിയത് എന്ന് വ്യക്തമാക്കേണ്ടതാണ്. 2) ക്വട്ടേഷൻ നിരക്കിനേക്കാൾ അധികരിച്ച് വാഹന വാടക ഇനത്തിൽ അധികം നൽകിയ തുക 19,798 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിക്കൊപ്പം ലഭ്യമാക്കണ്ടതാണ് 3) ലോഡിംഗ് & അൺലോഡിംഗ്, വെയിറ്റിംഗ് ചാർജ് ഇനത്തിൽ നൽകിയ 3,215 രൂപയുടെ ചെലവ് വിശദാംശം ലഭ്യമാക്കാത്തതിനാൽ 3,215 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-33 ഫോം വർക്കിന് വകയിരുത്തിയ തുക കുറവ് വരുത്താത്തതിനാൽ അധികച്ചെലവുണ്ടായി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച താഴെ പറഞ്ഞ കോൺക്രീറ്റ് റോഡ് നിർമ്മാണ പ്രവൃത്തികളിൽ DAR കോഡ് നമ്പർ 75.8.1 പ്രകാരം ഫോം വർക്കുള്ള (സെന്ററിംഗ് & ഷെട്ടറിംഗ്) കോൺക്രീറ്റിന്റെ നിരക്കാണ്, @7582.91/m3 (DSR-2016, Cost Index 31.06%,) അനുവദിച്ചിട്ടുള്ളത്. ഫോം വർക്ക് തീരെ വേണ്ടതില്ലാത്ത പ്രൊജക്ടുകൾക്ക് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ്, @ 7291.26/$m^3$ (DSR-2016 Cost Index @ 31.06%), നൽകേണ്ടത്. അതായത് 1എം3 കോൺക്രീറ്റിന് 2016 DSR പ്രകാരമുള്ള നിരക്കിൽ 291.65 രൂപ ഫോം വർക്കിനായി എസ്റ്റിമേറ്റുകളിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 14.2.2023 ന് ഗ്രാമപഞ്ചായത്ത് ഓവർസിയർ ശ്രീ.പ്രബിൻ.ടി യുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ചില പ്രവൃത്തികളിൽ ഒട്ടും ഫോം വർക്ക് ആവശ്യമില്ല/റോഡിന്റെ മുഴുവൻ നീളത്തിൽ ഫോം വർക്ക് ചെയ്യേണ്ടതായി വന്നിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ ബിൽ അനുവദിച്ചപ്പോൾ ഡാറ്റയിൽ ഫോം വർക്കിന് വകയിരുത്തിയ തുക മുഴുവൻ/ആനുപാതിക കുറവ് വരുത്തേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ പ്രൊജക്ടുകളിൽ 9352.32+3943.89+7510.93+15721.56+5516.35+4420.81=46465.86 രൂപ അധികച്ചെലവ് വന്നിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-1 ൽ കൊടുത്തിട്ടുണ്ട്.

## 1-34 ഇ ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമാക്കിയിട്ടില്ല - ഇ ടെണ്ടറിംഗിന് സ്വന്തമായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രൊജക്ടുകളുടെ ബിഡ് സബ്മിഷൻ ഫീ ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് നിലവിലും ക്രെഡിറ്റ് ചെയ്ത് വന്നിരുന്നത്. ഗ്രാമ പഞ്ചായത്തിന് 2021-22 വരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്നതിന് നാളിതു വരെനടപടികൾ സ്വീകരിച്ചിട്ടില്ല.

ജി.ഒ.(എം.എസ്)3186/2017/LSGD തീയ്യതി.2.10.2017 പ്രകാരം എസ്.ബി.ഐ യിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ കൊണ്ടോട്ടി ശാഖയിൽ അക്കൗണ്ട്, നം. 67242774095, ഉണ്ടെങ്കിലും, ആയത് ഇ ടെണ്ടർ ആവശ്യത്തിനായി ഉപയോഗിക്കുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.10/21-22/9.2.2023, ലഭ്യമാക്കിയ 14.2.2023 തീയ്യതിയിലെ മറുപടിയിൽ അപാകതകൾ എത്രയും വേഗം പരിഹരിക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അപാകതകൾ പരിഹരിച്ചു.

താഴെ കൊടുത്ത പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് ആയത് പരിഹരിക്കുകയുണ്ടായി.

| പ്രൊജക്ട് | അപാകത | പരിഹരിച്ചതിന്റെ വിവരം |
|---|---|---|
| 207/22 ചക്കുളങ്ങര തുറക്കൽ റോഡ് | കരാർ ഒപ്പുവയ്ക്കുന്നതിൽ കാലതാമസം - 1768 രൂ പിഴ ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 9/21-22 /9.2.2023 | കരാറുകാരനിൽ നിന്നും 1768 രൂപ പിഴ ഈടാക്കി. രസീതി നമ്പർ.1220408584/G100401/14.2.2023 |
| 142/22 മൈലാഞ്ചി | 5.43% ടെണ്ടർ അധികത്തിന് പകരം | കരാറുകാരൻ 6337.66 രൂപ |

| | | |
|---|---|---|
| വളപ്പ് കാരാളിപറമ്പ് റോഡ് ടാറിംഗ് | 9% ടെണ്ടർ അധികം അനുവദിച്ച്, അധികച്ചെലവ് 6337.66 രൂപ. ഓഡിറ്റ് എൻക്വയറി നം..6/21-22/9.2.2023 | തിരിച്ചടവാക്കി. രസീതി നമ്പർ.1220408583/G100401/14.2.2023 |

## 1-36 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.

KFC ആർട്ടിക്കിൽ 282(6) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ ജാമ്യ നിക്ഷേപങ്ങൾ ആയത് തിരികെ നൽകാവുന്ന തീയ്യതി (ഗ്യാരണ്ടി പിരീഡ് അവസാനിക്കുന്ന ദിവസം) മുതൽ മൂന്ന് വർഷത്തിനകം തിരികെ വാങ്ങിയില്ലെങ്കിൽ കാലഹരണപ്പെടുന്നതും, പഞ്ചായത്ത് ഫണ്ടിലേക്ക് (സർക്കാരിലേക്ക്) മുതൽ കൂട്ടാൻ യോഗ്യമാകുന്നതുമാണ്. ഓരോ വർഷാന്ത്യത്തിലും നീക്കിയിരിപ്പുള്ള ജാമ്യ നിക്ഷേപങ്ങളുടെ വർഷം തിരിച്ച പട്ടിക തയ്യാറാക്കി കാലഹരണപ്പെട്ടവ മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കണം. എന്നാൽ ഇപ്രകാരം പട്ടിക തയ്യാറാക്കുകയോ കാലഹരണപ്പെട്ട ജാമ്യ നിക്ഷേപങ്ങൾ മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല. 9.2.2023 ന് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ ഭൗതികമായി പരിശോധിച്ചപ്പോൾ 2012-13, മുതൽക്കുള്ള ജാമ്യ നിക്ഷേപങ്ങൾ തിരികെ നൽകാൻ അവശേഷിക്കുന്നതായി കണ്ടു.

മേൽ ചട്ടപ്രകാരം നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.12/2021-22/9.1.2023, ലഭ്യമാക്കിയ 14.2.2023 തീയ്യതി മറുപടിയിൽ അപാകത പരിഹരിക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-37 ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു

1996 ലെ കേരളപഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം പഞ്ചായത്തിലെ ഏതൊരു മിച്ച ഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റികളിലും ദേശീയ സമ്പാദ്യപദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലും ട്രഷറി ഡെപ്പോസിറ്റ് അക്കൌണ്ടിലും അല്ലെങ്കിൽ ആഡിറ്റ് തരംതിരിവിൽ Bയിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കിയത്. എന്നാൽ ഇതിന് വിരുദ്ധമായി കേരള ഗ്രാമീണബാങ്ക്, ചേലേമ്പ്ര ശാഖയിലെ ബാങ്ക് അക്കൌണ്ടിലും മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുണ്ട്. ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 രേഖകളുടെയും രജിസറ്ററുകളുടെയും സൂക്ഷിപ്പിലെ ന്യൂനതകൾ

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഇ7/11350/2015/സ.ഇ/ത.സ്വ.ഭ.വ/19.1.2017 ലെ ഉത്തരവിന്റെ വെളിച്ചത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ രേഖകളുടെയും രജിസറ്ററുകളുടെയും സൂക്ഷിപ്പ് പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല,

കരാറുകാരിൽ നിന്നും ജാമ്യ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതും ആയത് തിരികെ നൽകുന്നതും നിരീക്ഷിക്കുന്നതിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ഇ.എം.ഡി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

കരാറുകാർ സമർപ്പിക്കുന്ന നിരതദ്രവ്യ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതും ആയത് തിരികെ നൽകുന്നതും നിരീക്ഷിക്കുന്നതിന് ഇ.എം.ഡി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. എഗ്രിമെന്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

എഗ്രിമെന്റ് രജിസ്റ്ററിൽ ജാമ്യനിക്ഷേപമായി സ്വീകരിക്കുന്ന ഡെപ്പോസിറ്റുകളുടെ തുക രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ രസീതി നമ്പർ/ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അതുപോലെ പ്രൊജക്ടുകളുടെ പൂർത്തീകരണ തീയ്യതിയും (കോളം.10) രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

4.ടെണ്ടർ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

നിരതദ്രവ്യം സ്വീകരിക്കുന്നതിന്റെ വിവരം (തുക, രസീതി നമ്പർ/ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് നമ്പർ മുതലായവ) ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല (നിരത ദ്രവ്യം തിരികെ നൽകുമ്പോൾ രജിസ്റ്ററിൽ കരാറുകാരുടെ കൈപ്പറ്റ് രേഖപ്പെടുത്തുന്നുണ്ട്). അതു പോലെ ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് തീരുമാനവും (കോളം.8) രേഖപ്പെടുത്തുന്നില്ല. ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

5.കാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ

കാഷ് ബുക്കിൽ വൗച്ചറുകൾക്ക് നമ്പർ നൽകുന്നില്ല. കാഷ് ബുക്ക് ക്ലോസ് ചെയ്യുന്നില്ല. ബാങ്ക് അക്കൗണ്ടിലെ വരവ് ചെലവ് വിവരങ്ങൾ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

6. സെലക്ഷൻ മെമ്മോ എല്ലാ ഫയലുകളിലും സൂക്ഷിച്ചിട്ടില്ല

സെലക്ഷൻ മെമ്മോ എല്ലാ ഫയലുകളിലും സൂക്ഷിച്ചിട്ടില്ല. മാത്രമല്ല ഫയലിൽ ലഭ്യമാക്കിയ സെലക്ഷൻ മെമ്മോകളിൽ പലതിലും കത്ത് നമ്പർ തീയ്യതി, ഡെസ്പാച്ച് തീയ്യതി, കരാറുകാരന്റെ തീയ്യതി വച്ച ഒപ്പ് (നേരിട്ട് നൽകുമ്പോൾ) എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. സൈറ്റ് കൈമാറിയതിന്റെ രേഖ എല്ലാ ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

പി.ഡബ്ല്യൂ.ഡി മാന്വലിലെ സെക്ഷൻ 2102.1 പ്രകാരം കരാർ ഒപ്പുവച്ചശേഷം പത്ത് ദിവസത്തിനകം കരാറുകാരൻ പ്രവൃത്തി സ്ഥലം ഏറ്റെടുത്ത് ആയതിന് തെളിവായി ഫോറം 2100A യിൽ അക്നോളഡ്ജ്മെന്റ് നൽകണം. എന്നാൽ ഇപ്രകാരം സൈറ്റുകൾ കൈമാറിയതിന്റെ ഫോറം 2100A യിലുള്ള അക്നോളഡ്ജ്മെന്റുകൾ എന്നിവ എല്ലാ ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

8. മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.11/2021-22/9.2.2023. അപാകതകൾ പരിഹരിക്കുന്നതാണെന്ന് 14.2.2023 ന് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഫോം വർക്കിന് വകയിരുത്തിയ തുക കുറവ് വരുത്താത്തതിനാൽ അധികച്ചെലവുണ്ടായി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച താഴെ പറഞ്ഞ കോൺക്രീറ്റ് റോഡ് നിർമ്മാണ പ്രവൃത്തികളിൽ DAR കോഡ് നമ്പർ 75.8.1 പ്രകാരം ഫോം വർക്കുള്ള (സെന്ററിംഗ് & ഷെട്ടറിംഗ്) കോൺക്രീറ്റിന്റെ നിരക്കാണ്, @7582.91/m3 (DSR-2016, Cost Index 31.06%,) അനുവദിച്ചിട്ടുള്ളത്. ഫോം വർക്ക് തീരെ വേണ്ടതില്ലാത്ത പ്രൊജക്ടുകൾക്ക് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ്, @ 7291.26/$m^3$ (DSR-2016 Cost Index @ 31.06%), നൽകേണ്ടത്. അതായത് 1എം3 കോൺക്രീറ്റിന് 2016 DSR പ്രകാരമുള്ള നിരക്കിൽ 291.65 രൂപ ഫോം വർക്കിനായി എസ്റ്റിമേറ്റുകളിൽ വകയിരുത്തിയിട്ടുണ്ട്. 14.2.2023 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയർ ശ്രീ.പ്രബിൻ.ടി യുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ചില പ്രവൃത്തികളിൽ ഒട്ടും ഫോം വർക്ക് ആവശ്യമില്ല/റോഡിന്റെ മുഴുവൻ നീളത്തിൽ ഫോം വർക്ക് ചെയ്യേണ്ടതായി വന്നിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രവൃത്തികളുടെ ബിൽ അനുവദിച്ചപ്പോൾ ഡാറ്റയിൽ ഫോം വർക്കിന് വകയിരുത്തിയ തുക മുഴുവൻ/ആനുപാതിക കുറവ് വരുത്തേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ പ്രൊജക്ടുകളിൽ താഴെ വിശദമാക്കിയ വിധം അധികച്ചെലവ് വന്നിട്ടുണ്ട്.

1.

പ്രൊജക്ട് : 74/22 ചക്കളങ്ങര ഉറക്കൽ ആശാരിപ്പടി റോഡ്

അടങ്കൽ : 400000 തനത്

TS നം :51261/2021-22 DSoR (MoRD) 2016, 31.06%

ചെലവ് : 397558 ചെക്ക് നമ്പർ.JH.0731157/29.2.2022

കരാർ നം : AE/LSGD/29/21-22/23.11.2021 (ER)

കരാറുകാരൻ : അബൂബക്കർ.എം

എംബുക്ക് നം: 45/21

പ്രവൃത്തി മൂല്യം- 354962.64

റോഡ് കോൺക്രീറ്റ് ചെയ്തതിന്റെ ആകെ നീളം - 77.40 മീറ്റർ .

ഫോം വർക്ക്- 77.40x2=154.80 മീറ്റർ (റോഡിന്റെ ഇരു വശത്തും)

| 75.8.1 കോഡ് പ്രകാരം അനുവദിച്ച തുക | ഫോം വർക്കിന് അനുവദിച്ച തുക | സ്ഥല പരിശോധന പ്രകാരം ഫോം വർക്ക് ചെയ്ത അളവ്, അനുവദിക്കാവുന്ന തുക | ഫോം വർക്കിന് അധികം നൽകിയ തുക (പരിമിതപ്പെടുത്തിയ തുക ടെണ്ടർ കുറവ് എന്നിവ കുറച്ച്, 12% GSTകൂട്ടി) |
|---|---|---|---|
| ഐറ്റം നം.3<br>42.53x7582.91/m3=322501.16 | 42.53x291.65=12403.87<br>(7582.91-7291.26) | 50.60 മീറ്റർ<br>50.60x100/154.80 =32.68%<br>12403.87x32.68% =4053.58 | 12403.87-4053.58=8350.29<br>8350.29x112%=9352.32 |

2.

പ്രൊജക്റ്റ് : 62/22 ചക്കി പറമ്പ തച്ചമ്പലം റോഡ് കോൺക്രീറ്റ്

അടങ്കൽ : 200000 തനത് ഫണ്ട്

TS നം :51032/2021-22 DsoR (MoRD) 2016, 31.06%

ചെലവ് : 198288 ചെക്ക് നമ്പർ. JN.4353592/30.3.2022

കരാർ നം : AE/LSGD/45/21-22/10.12.2021 (ER)

കരാറുകാരൻ : സുരേഷ് ബാബു.പി

എംബുക്ക് നം: 91/-22

പ്രവൃത്തി മൂല്യം- 175542.92

റോഡ് കോൺക്രീറ്റ് ചെയ്തതിന്റെ ആകെ നീളം - 39.10 മീറ്റർ .

ഫോം വർക്ക്- 39.10x2=78.20 മീറ്റർ (റോഡിന്റെ ഇരു വശത്തും)

| 75.8.1 കോഡ് പ്രകാരം അനുവദിച്ച തുക | ഫോം വർക്കിന് അനുവദിച്ച തുക | സ്ഥല പരിശോധന പ്രകാരം ഫോം വർക്ക് ചെയ്ത അളവ്, അനുവദിക്കാവുന്ന തുക | ഫോം വർക്കിന് അധികം നൽകിയ തുക (പരിമിതപ്പെടുത്തിയ തുക കുറച്ച്, 12% GSTകൂട്ടി) |
|---|---|---|---|
| ഐറ്റം നം.4<br>19.96x7582.91/m3 =151354.88 | 19.96x291.65= 5821.33<br>(7582.91-7291.26) | 30.90 മീറ്റർ<br>30.90x100/78.20 =39.51%<br>5821.33x39.51%=2300.00 | 5821.33-2300.00=3521.33<br>3521.33x112%=3943.89 |

3.

പ്രൊജക്റ്റ് : 69/22 ചേലൂപാടം ചീനാടം റോഡ് മെയ്ന്റനൻസ്

അടങ്കൽ : 490000 MG (R)

TS നം :50824/2021-22 DsoR (MoRD) 2016, 31.06%

ചെലവ് : 489883 BRN2115105203661198618/24.2.2022

കരാർ നം : AE/LSGD/36/21-22/26.11.2021 (ER)

കരാറുകാരൻ : അഫ്സൽ.ഇ.കെ

എംബുക്ക് നം: 1/22

പ്രവൃത്തി മൂല്യം- 435895.90 Ltd To 444179.33 (-8283.43)

റോഡിന്റെ ഇരുവശത്തും സൈഡ് കോൺക്രീറ്റ് ചെയ്തതിന്റെ ആകെ നീളം - 735.91 മീറ്റർ

| 75.8.1 കോഡ് പ്രകാരം അനുവദിച്ച തുക | ഫോം വർക്കിന് അനുവദിച്ച തുക | സ്ഥല പരിശോധന പ്രകാരം ഫോം വർക്ക് ചെയ്ത അളവ്, അനുവദിക്കാവുന്ന തുക | ഫോം വർക്കിന് അധികം നൽകിയ തുക (പരിമിതപ്പെടുത്തിയ തുക കുറച്ച്, 12% GSTകൂട്ടി) |
|---|---|---|---|
| ഐറ്റം നം.3<br>52.98x7582.91/m3 =401742.57 | 52.98x291.65= 15451.62<br>(7582.91-7291.26) | 22 മീറ്റർ<br>22x100/735.91 =2.99%<br>15451.62x2.99%=462 | 15451.62-462= 14989.62<br>14989.62-8283.43= 6706.19<br>6706.19x112%=7510.93 |

4

പ്രൊജക്ട് : 75/22 ചക്കളങ്ങര ഹൈസ്കൂൾ റോഡ് സൈഡ് കോൺക്രീറ്റ്

അടങ്കൽ : 490000 MG (R)

TS നം :50894/2021-22 DsoR (MoRD) 2016, 31.06%

ചെലവ് : 453683 BRN21151052036601222174/28.2.2022

കരാർ നം : AE/LSGD/54/21-22/1.1.2022 (ER)

കരാറുകാരൻ : ജിജീഷ്.പി

എംബുക്ക് നം: 2/22

പ്രവൃത്തി മൂല്യം- 403573.23

റോഡിന്റെ ഇരുവശത്തും സൈഡ് കോൺക്രീറ്റ് ചെയ്തതിന്റെ ആകെ നീളം - 568.65മീറ്റർ

| 75.8.1 കോഡ് പ്രകാരം അനുവദിച്ച തുക | ഫോം വർക്കിന് അനുവദിച്ച തുക | സ്ഥല പരിശോധന പ്രകാരം ഫോം വർക്ക് ചെയ്ത അളവ്, അനുവദിക്കാവുന്ന തുക | ഫോം വർക്കിന് അധികം നൽകിയ തുക (പരിമിതപ്പെടുത്തിയ തുക കുറച്ച്, 12% GSTകൂട്ടി) |
|---|---|---|---|
| ഐറ്റം നം.3<br>48.13x7582.91/m3 =364965.45 | 48.13x291.65= 14037.11<br>(7582.91-7291.26) | ഫോം വർക്ക് ആവശ്യമില്ല. | 14037.11x112%=15721.56 |

5.

പ്രൊജക്ട് : പുല്ലിപറമ്പ് തേനേരിപ്പാറ ചാലിപ്പാടം റോഡ് സൈഡ് കോൺക്രീറ്റ്, 251/22

അടങ്കൽ : 300000 MG (Road)

TS നം :51229/2021-22 DsoR (MoRD) 2016, 31.06%

ചെലവ് :295928 BRN21151052036601429907/23.3.2022

കരാർ നം : AE/LSGD/27/21/21-22/23.11.2021 (ER)

കരാറുകാരൻ : നിതാഷ്.കെ.പി

എംബുക്ക് നം: 68/20, 67/22

പ്രവൃത്തി മൂല്യം- 271595.72 Limited To 267857.14

റോഡിന്റെ ഇരുവശത്തും സൈഡ് കോൺക്രീറ്റ് ചെയ്തതിന്റെ ആകെ നീളം - 342 മീറ്റർ

| 75.8.1 കോഡ് പ്രകാരം അനുവദിച്ച തുക | ഫോം വർക്കിന് അനുവദിച്ച തുക | സ്ഥല പരിശോധന പ്രകാരം ഫോം വർക്ക് ചെയ്ത അളവ്, അനുവദിക്കാവുന്ന തുക | ഫോം വർക്കിന് അധികം നൽകിയ തുക (പരിമിതപ്പെടുത്തിയ തുക കുറച്ച്, 12% GSTകൂട്ടി) |
|---|---|---|---|
| ഐറ്റം നം.3 | 30.60x291.65= 8924.49 | 10 മീറ്റർ | 8924.49-260.59=8663.90 |

| | | | |
|---|---|---|---|
| 30.60x7582.91/m3=232037.14 | (7582.91-7291.26) | 10x100/342=2.92%<br>8924.49x2.92%=260.59 | 8663.90-3738.58=4925.32<br>4925.32x112%=5516.35 |

6

1പ്രൊജക്ട് : 259/22 പുല്ലഞ്ചേരി പൊറ്റമ്മൽ റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ : 200000 തനത്

TS നം :51732/2021-22 DsoR (MoRD) 2016, 31.06%

ചെലവ് : 199527 ചെക്ക് നമ്പർ. JH.0731156/5.2.2022

കരാർ നം : AE/LSGD/32/21-22/24.11.2021 (ER)

കരാറുകാരൻ : ഹംസക്കോയ.പി.ടി

എംബുക്ക് നം: 51/21

പ്രവൃത്തി മൂല്യം- 178398.54 Limited To 176649.54 (-1749)

റോഡ് കോൺക്രീറ്റ് ചെയ്യതിന്റെ ആകെ നീളം - 51 മീറ്റർ .

ഫോം വർക്ക്- 51x2=102 മീറ്റർ (റോഡിന്റെ ഇരു വശത്തും)

| 75.8.1 കോഡ് പ്രകാരം അനുവദിച്ച തുക | ഫോം വർക്കിന് അനുവദിച്ച തുക | സ്ഥല പരിശോധന പ്രകാരം ഫോം വർക്ക് ചെയ്ത അളവ്, അനുവദിക്കാവുന്ന തുക | ഫോം വർക്കിന് അധികം നൽകിയ തുക (പരിമിതപ്പെടുത്തിയ തുക ടെണ്ടർ കുറവ് എന്നിവ കുറച്ച്, 12% GSTകൂട്ടി) |
|---|---|---|---|
| ഐറ്റം നം.3<br>21.42x7582.91/m3==162425.93 | 21.42x291.65=6247.14<br>(7582.91-7291.26) | 9 മീറ്റർ<br>9x100/102 = 8.82<br>6247.14x8.82%=550.99 | 6247.14-550.99=5696.15<br>5696.15-1749=3947.15<br>3947.15x112%=4420.81 |

അപാകതയുടെ വെളിച്ചത്തിൽ, മേൽ പറഞ്ഞ പ്രകാരം അധികം നൽകിയ 9352.32+3943.89+7510.93+15721.56+5516.35+4420.81=46465.86 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക 46465.86 രൂപ പ്രവൃത്തികളുടെ അളവെടുത്ത് ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.30/21-22/15.2.2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 7-2-2023 മുതൽ 8-2-2023വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പരും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 239/22 | 100000 | 0 |
| | 655000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 9/22 | 655000 | 0 |
| | 960000 | ലൈഫ് ഭവന നിർമ്മാണം | 960000 | 0 |

| | | | | |
|---|---|---|---|---|
| | | എസ്.സി22/22 | | |
| | 180000 | ലൈഫ് ഭവന നിർമ്മാണം എസ്.സി 226/22 | 180000 | 0 |
| | 160000 | ലൈഫ് ഭവന നിർമ്മാണം ജനറൽ 223/22 | 160000 | 0 |
| | 360000 | ലൈഫ് ഭവന നിർമ്മാണം എസ്.സി 228/22 | 360000 | 0 |
| | 340000 | ലൈഫ് ഭവന നിർമ്മാണം ജനറൽ 23/22 | 340000 | 0 |
| ജില്ലാ പഞ്ചായത്ത് | 655000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 9/22 | 655000 | 0 |
| | 880000 | ലൈഫ് ഭവന നിർമ്മാണം എസ്.സി 22/22 | 880000 | 0 |
| | 120000 | ലൈഫ് ഭവന നിർമ്മാണം ജനറൽ 23/22 | 120000 | 0 |
| | 200000 | ലൈഫ് ഭവന നിർമ്മാണം എസ്.സി 228/22 | 200000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 125/22 വിവിധ റോഡുകളിൽ തെരുവ് വിളക്കുകൾക്കായി സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നമ്പർ : 22100895/25.10.2021 – 677700, 22100760/31.03.2022 – 456198, 22100962/09.02.2022 – 435726 | 15,69,624 രൂപ | 0 | UC ലഭ്യമായില്ല | 15,69,624 രൂപ |
| | 220/22 പതിനാറാം വാർഡിലെ പുല്ലിപ്പറമ്പ് അംഗനവാടി വൈദ്യതീകരണം | 22100529/16.02.2022 | 38,541 രൂപ | 0 | UC ലഭ്യമായില്ല | 38,541 രൂപ |
| ഭൂജല വകുപ്പ് | പൈങ്ങോട്ടൂർ മിനി സ്റ്റേഡിയം കുഴൽക്കിണർ (പ്രൊജക്ട് നമ്പർ : 128/22) | 22100621/15-3-22 | 51641രൂപ | 51641രൂപ | പൂർത്തീകരിച്ചു | 0 |
| ഭൂജല വകുപ്പ് | കൃഷിഭവൻ കുഴൽക്കിണറിന് മോട്ടോർ ടാങ്ക് ,പൈപ്പ് ലൈൻ (പ്രൊജക്ട് നമ്പർ : | 22100619/15-3-22 | 130000രൂപ | 122562രൂപ | പൂർത്തീകരിച്ചു | 7438രൂപ |

| | 290/22) | | | | | | |
|---|---|---|---|---|---|---|---|

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക തൻ വർഷം | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | Life Housing Scheme | G.O(Ms)No.124/2018 Dt 11/9/2018 | 0 | 5479082 | 1202667 | | 4276415 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 11755599 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 396781 |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12152380 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

2021-22

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| KGB Chelembra | 3449228 | 40156201800013 |
| KGB Chelembra | 1893576 | 40156142100009 |
| CSCB | 1346593 | 40156141900082 |
| KGB Chelembra | 5472846 | 0020140016186 |

കുറിപ്പ് : വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം കൃത്യമല്ല. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-12 | 140 | താരാനാഥ് ടി<br>ഓഫീസ് അറ്റന്റന്റ് ,<br>എസ്.വി.എ.എ.യു.പി സ്കൂൾ ചേലേമ്പ്ര. | 1210104619/18-2-22 |
| 2019-20 | 1-12 | 7131<br>28,650 | ബബിൻ ടെക്നോളജീസ് | 1210104673/19-01-2022<br>1210104673/19-01-2022 |
| 2019-20 | 1-12 | 350<br>1250 | മാനേജർ | 1210104768/22-01-2022<br>1210104768/22-1-22 |
| 2019-20 | 1-12 | 290 | വിഷ്ണു,ലെക്ചറർ<br>ദേവകി അമ്മ മെമ്മോറിയൽ ടീച്ചർ ട്രൈനിംഗ് സെന്റർ | 1210104504/15-1-22 |
| 2020-21 | 1-15 | 9473 | കോൺട്രാക്റ്റർ | 1210100192/15-9-21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 46,50 | 2003-04 | പൊതു പരാമർശം | 1.ഓഫീസ് കെട്ടിട നിർമ്മാണം 2.പാലത്തിങ്ങൽ റോഡ് പുനരുദ്ധാരണം | 25.07.19ലെ നിയമാസഭാ സമിതിക്ക് മുൻപാകെ സമർപ്പിച്ചിട്ടുണ്ട് |
| 2014-15 | 2(2) | 2016-17 | -- | തൊഴിൽ നികുതി 2014-15 | നിലനിൽക്കുന്നു |
| 2011-12, 2012-13 | 3(1) | 2014-15 | പൊതു പരാമർശം | നിഷ്ക്രിയ ആസ്തികൾ അവലോകനം | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം

| ക്രനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| 1 | 2002-03 | 3(9) | പി.മാലതി | LF 8465/ Spl.Cell/ SC5/ 08-629/ 11.02.09 | 9,000 +12% പലിശ | | | | | | | 9000+ 12% പലിശ |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92806489/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92599843/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ | 46466/-രൂപ |

| | |
|---|---|
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2520302/- രൂപ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 46466 | ശ്രീമതി.സോണി.എം, അസിസ്റ്റന്റ് എഞ്ചിനീയർ |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 39020 | ഡോ. ആനന്ദ് ആർ കൃഷ്ണൻ,വെറ്ററിനറി സർജൻ |
| 1-22 | 30000 | ഡോ. ആനന്ദ് ആർ കൃഷ്ണൻ,വെറ്ററിനറി സർജൻ |
| 1-23 | 98400 | ഡോ. ആനന്ദ് ആർ കൃഷ്ണൻ,വെറ്ററിനറി സർജൻ |
| 1-29 | 48752 | 44252-ശ്രീമതി. ജസ്സി വർഗ്ഗീസ് എം,സെക്രട്ടറി<br>4500-ശ്രീമതി. ലളിത എൻ സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-30 | 1608165 | 677700,ശ്രീ. സ്വപ്നേഷ് സി പി സെക്രട്ടറി<br>930465, ശ്രീമതി. ജസ്സി വർഗ്ഗീസ് എം സെക്രട്ടറി |
| 1-31 | 692750 | ശ്രീമതി. അബിനിത എം ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-32 | 3215 | 3185-ശ്രീ. സ്വപ്നേഷ് സി പി ,സെക്രട്ടറി<br>30- ശ്രീമതി. ജസ്സി വർഗ്ഗീസ് എം,സെക്രട്ടറി |
| ആകെ | 2520302 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ശ്രീമതി.സോണി.എം, അസിസ്റ്റന്റ് എഞ്ചിനീയർ

ഡി 18 ക്വാട്ടേഴ്സ്

കാലിക്കറ്റ് യൂണിവേഴ്സിറ്റി

തേഞ്ഞിപ്പലം

673635 പിൻ

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 2 |
| 1998-99 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 4 |

| | | |
|---|---|---|
| 1999-00 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 1 |
| 2000-01 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 1 |
| 2001-02 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 1 |
| 2002-03 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 1 |
| 2005-06 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 3 |
| 2006-07 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 8 |
| 2007-08 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 1 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം 6/669/2020 തിയ്യതി 8-9-2020 | 2 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം 6/3375/2014 തിയ്യതി 15-6-2020 | 7 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം 6/2762/2020 തിയ്യതി 15-6-2020 | 4 |
| 2015-16 | കെ.എസ്.എ എം.പി.എം 6/3334/2016 തി. 09.06.2020 | 7 |
| 2016-17 | കെ.എസ്.എ എം.പി.എം 6/1774/2017 തിയതി 16.07.2020 | 14 |
| 2017-18 | കെ.എസ്.എ എം.പി.എം6/2126/18 തിയതി 16.9.19 | 11 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.6/2826/2019 തിയ്യതി:15-07-2020 | 37 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.6/1460/2021 തിയ്യതി:22-09-2022 | 23 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം.6/1461/2021 തിയ്യതി:12-10-2021 | 33 |

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്